# വ്യാപാരകേരളം

സമ്പൂർണ മാസിക

ലക്കം 7 പേജുകൾ 21 ഒക്ടോബർ 2019



## ഉത്തേജക പാക്കേജുകൾ ഗുണം ചെയ്യുമോ?

ക്രിപ്റ്റോ കറൻസി ചൂതുകളിയോ?

## റിഥം ഓഫ് ലൈഫ്

## എഴുത്തും കുത്തും

മുഖചിത്രം: ആഴിപ്പരപ്പല്ല; അതിരുകളില്ലാത്ത മേഘക്കടൽ

# എഡിറ്റേഴ്സ് പേജ്



രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് വഴുതിവീണിരിക്കുന്നു എന്ന വിശകലനം കഴിഞ്ഞലക്കം വ്യാപാരകേരളത്തിൽ, സാമ്പത്തിക വിദഗ്ധനായ ടി.എസ്.അനന്തരാമൻ എഴുതിയിരുന്നു. തുടർന്നുവന്ന ദിവസങ്ങളിൽ ഇക്കാര്യം വാർത്തകളായി പുറത്തുവരികയും ചെയ്തു.

ഷോക്ക് ചികിത്സയെന്ന പേരിൽ ചില ഉത്തേജക പാക്കേജുകൾ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതിനെ തുടർന്നുണ്ടായ പുതിയ സാഹചര്യം ഈ ലക്കത്തിൽ പ്രശസ്ത പത്രപ്രവർത്തകനായ ഫ്രാങ്കോ ലൂയിസ് വിലയിരുത്തുന്നു.

ക്രിപ്റ്റോ കറൻസിയെ സംബന്ധിച്ച ഒരു പഠനലേഖനം ഈ ലക്കത്തിലുണ്ട്. ക്രിപ്റ്റോ കറൻസി ചൂതുകളിയോ? എന്ന ലേഖനം റയൻ ജോസഫാണ് എഴുതിയിട്ടുള്ളത്. ക്രിപ്റ്റോ കറൻസിക്കു പിന്നാലെ പായുന്ന യുവജനത അറിഞ്ഞിരിക്കേണ്ട സൂചനകളുണ്ട് ഈ ലേഖനത്തിൽ.

വിഐപികൾക്ക് ജയിലിൽ കൂടുതൽ സുഖസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ദേവൻ നായരുടെ സറ്റയർ ലേഖനമാണ് ഈ ലക്കം മഷിനോട്ടം പംക്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

റിഥം ഓഫ് ലൈഫ്, മൈതാനം, സിനിമ, പുസ്തകപരിചയം, എഴുത്തും കുത്തും എന്നീ പംക്തികളും ഈ ലക്കത്തിലുണ്ട്.

**-സി.ആർ.രാജൻ,**
മാഗസിൻ എഡിറ്റർ

## അറിയിപ്പ്

വ്യാപാരകേരളം.കോം സമ്പൂർണ മാസികയായും വാർത്താപത്രികയായും പരിഷ്കരിച്ചിരിക്കുന്നു. എല്ലാ ഒന്നാം തീയതികളിലും മാസിക പ്രസിദ്ധീകരിക്കും. അതത് ദിവസത്തെ വാർത്തകൾ 'കാപ്സ്യൂൾ' രൂപത്തിൽ 'News' വിഭാഗത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരക്കേറിയ പ്രഭാതങ്ങളിൽ വാർത്തകൾ സമഗ്രമായി, ചുരുങ്ങിയ സമയംകൊണ്ട് വായിച്ചറിയുവാൻ ഇതുപകരിക്കും.

ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**




# മുട്ടക്കച്ചവടക്കാരനും ചത്ത മൽസ്യങ്ങളും



ഫ്രാങ്കോ ലൂയിസ്

വിൽക്കാൻ തലയിൽ ചുമന്നു കൊണ്ടുപോയ മുട്ടക്കൊട്ടയിലേക്കു കല്ലെറിഞ്ഞതുമൂലം മുട്ടയെല്ലാം ഉടഞ്ഞ മുട്ടക്കച്ചവടക്കാരന്റെ കഥ നാമെല്ലാം കേട്ടിട്ടുണ്ട്. മിടുക്കു കാണിക്കാൻ ജലാശയങ്ങളിൽ ഒറ്റ രാത്രി നഞ്ഞു കലക്കി നാടാകെ ദുരിതത്തിലാക്കിയ വിരുതന്റെ കഥയും കേട്ടിട്ടുണ്ട്.

ആദ്യത്തെ കഥയിലെ കച്ചവടക്കാരൻ നഷ്ടം മൂലം മുടിഞ്ഞുപോയി. കല്ലെറിഞ്ഞവൻ കേമനുമായി. രണ്ടാമത്തെ കഥയിലെ മിടുക്കൻ കേമത്തരം കാണിച്ചപ്പോൾ മൽസ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങി. ജനങ്ങളുടെ വരുമാനമാർഗമായിരുന്ന മൽസ്യബന്ധനംതന്നെ ഇല്ലാതായി. മൽസ്യം ചീഞ്ഞഴുകി ജലാശയങ്ങളും നാടുമെല്ലാം ദുർഗന്ധവും പട്ടിണിയുമായി.

ഇതു വെറും കഥയാണ്. ഈ കഥകൾക്ക് ഇനി പറയുന്ന വിശേഷങ്ങളുമായി ഒരു ബന്ധവുമില്ല. എങ്കിലും പണ്ടു കേട്ടു തഴമ്പിച്ച ഇത്തരം കഥകൾ വല്ലപ്പോഴും ഓർക്കുന്നതു നല്ലതാണ്.

## മാന്ദ്യവും സ്വദേശി വാദവും

ലോകം സാമ്പത്തിക മാന്ദ്യത്തിലാണ്. ഓരോ ലോകരാഷ്ട്രവും ആഗോളവത്കരണം പ്രസംഗിക്കുകയും സ്വദേശിവത്കരണത്തിലേക്കു മടങ്ങുകയും ചെയ്യുന്ന കാഴ്ചയാണു കാണുന്നത്. മറ്റെല്ലാ രാജ്യങ്ങളുടേയും ഉൽപന്നങ്ങൾക്കു വിലക്ക് ഏർപ്പെടുത്തി ചൈന. ഇന്ത്യ പോലുള്ള അതിവിശാലമായ വിപണി പിടിച്ചെടുക്കാൻ അമേരിക്ക നടത്തുന്ന സമ്മർദങ്ങൾ ഒരു വശത്ത്. വിദേശികൾക്കു തൊഴിലവസരങ്ങളും പ്രതിഫലവും വെട്ടിക്കുറയ്ക്കുന്ന ഗൾഫ് രാജ്യങ്ങൾ മറുവശത്ത്.

മാന്ദ്യത്തെ മറികടക്കാൻ അമേരിക്ക അടിക്കടി പലിശ നിരക്കു കുറയ്ക്കുന്നു. ഇതര രാജ്യങ്ങളും അതുതന്നെ ചെയ്യേണ്ടി വരുന്നു. പല കാരണങ്ങളാൽ വർധിക്കുന്ന ഇന്ധന വില. രാജ്യാന്തര ടൂർ ഓപറേറ്റർമാരായ തോമസ് കുക്ക് പോലുള്ള വമ്പൻ സ്ഥാപനങ്ങൾപോലും തകർന്നു പോകുന്നു.

## അഞ്ചു ലക്ഷം കോടി ഡോളറിലേക്ക്

ലോകം മാന്ദ്യത്തിലൂടെ കടന്നു പോകുമ്പോൾ 2025 ൽ അഞ്ചു ലക്ഷം കോടി ഡോളർ സമ്പദ് വ്യവസ്ഥ എന്ന സ്വപ്നത്തിലേക്കു കുതിക്കുകയാണു രാജ്യം. ഇപ്പോൾ 2.8 ലക്ഷം കോടി ഡോളർ സമ്പദ് വ്യവസ്ഥയാണ് ഇന്ത്യയുടേത്. വർഷം തോറും 12 ശതമാനം വളർച്ച കൈവരിച്ചാലേ അഞ്ചു ലക്ഷം കോടി ഡോളർ എന്ന നേട്ടത്തിലെത്താനാകൂ.

പക്ഷേ, എന്തു ചെയ്യാം. അതിന്റെ പകുതിയിലേക്കുപോലും എത്താൻ നമുക്കു കഴിയുന്നില്ല. ഈ സാമ്പത്തിക വർഷം ആദ്യ മൂന്നു മാസത്തെ ജിഡിപി (മൊത്ത ആഭ്യന്തര ഉത്പാദനം) വളർച്ചാനിരക്ക് അഞ്ചു ശതമാനം മാത്രമായിരുന്നു. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ പുറത്തുവിട്ട കണക്കാണിത്. മാർച്ച് മാസത്തിൽ അവസാനിച്ച കഴിഞ്ഞ പാദത്തിലെ വളർച്ചാനിരക്ക് 5.8 ശതമാനമായിരുന്നു. 2018–19 വർഷത്തിലെ മൊത്തം ജിഡിപി വളർച്ചാനിരക്ക് 6.8 ശതമാനവും.

ഇവിടെനിന്നാണ് നമുക്ക് ഇരട്ടി വളർച്ചയിലേക്കു കുതിക്കേണ്ടത്. അതിനുള്ള ആസൂത്രിതമായ പദ്ധതികളാണ് നരേന്ദ്രമോദി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വിദേശത്തെ സ്വിസ് ബാങ്കുകളിലെ കള്ളപ്പണം തിരികെ എത്തിച്ച് സാമ്പത്തിക മേഖലയെ വീർപ്പിക്കാമെന്നായിരുന്നു അ

വരുടെ ആദ്യത്തെ ആസൂത്രണം. സ്വിസ് ബാങ്കുകളിലെ കള്ളപ്പണം പിടിച്ചെടുത്ത് രാജ്യത്തെ എല്ലാവരുടേയും ബാങ്ക് അക്കൗണ്ടുകളിലേക്കും 15 ലക്ഷം രൂപ വീതം തരുമെന്ന വാഗ്ദാനത്തിന് എന്തു സംഭവിച്ചെന്നും നാം കണ്ടു.

## നോട്ടു നിരോധനവും ജിഎസ്ടിയും

കള്ളപ്പണവും അഴിമതിയും ഇല്ലാതാക്കാൻ രണ്ടര വർഷംമുമ്പ് കറൻസി നിരോധിച്ചു. 2016 നവംബർ എട്ടിനു രാത്രിയായിരുന്നു ഓരോ ഇന്ത്യക്കാരനേയും ഞെട്ടിച്ച ആ പ്രഖ്യാപനം. ഒരു വർഷം കഴിഞ്ഞപ്പോഴേക്കും വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ ജിഎസ്ടി ഏർപ്പെടുത്തി. രാജ്യത്തെ സമ്പദ് വ്യവസ്ഥയെ തകർത്തുകളഞ്ഞ രണ്ടു നടപടികൾ.

ചെറുകിട വാണിജ്യ സ്ഥാപനങ്ങൾ മുതൽ വൻകിട വ്യവസായ സ്ഥാപനങ്ങൾവരെ എല്ലാം പ്രതിസന്ധിയിലായി. പ്രധാന വ്യവസായങ്ങളായ വാഹന, ടെക്സ്റ്റൈൽസ്, നിർമാണ മേഖലകളെല്ലാം തകർന്നു.

ഇരുപതു വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലാണ് വാഹന വിപണി ഓഗസ്റ്റിൽ വിൽപന അവസാനിപ്പിച്ചത്. വിൽപന 31.57 ശതമാനമാണു കുറഞ്ഞത്. തുടർച്ചയായ പത്താം മാസമാണ് വാഹന വിപണിയിൽ ഇടിവുണ്ടാകുന്നതെന്നു സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചറേഴ്സിന്റെ രേഖകൾ പറയുന്നു. മിക്ക വാഹന നിർമാതാക്കളും ഉൽപാദനം പകുതിയായി വെട്ടിക്കുറിച്ചു. ഫാക്ടറികൾ അടിച്ചിട്ടു. ജീവനക്കാരെ പിരിച്ചുവിട്ടു. തുണിമില്ലുകളുടെ സ്ഥിതിയും വ്യത്യസ്തമല്ല.

നിർമാണ മേഖലയുടെ വളർച്ച 0.6 ശതമാനം എന്ന നിരക്കിലായി. വീടും ഫ്ളാറ്റും അടക്കമുള്ളവ വിറ്റുപോകുന്നില്ല. കെട്ടിട നിർമാണ മേഖല സ്തംഭിച്ചു. ഈ മേഖലയിലുള്ള തൊഴിലാളികൾക്കും പണിയില്ലാതായി.

വിദേശ നിക്ഷേപങ്ങളും ഭീമമായി കുറഞ്ഞു. കാർഷിക മേഖലയിലെ വളർച്ചയും ദയനീയമായി. തൊഴിലില്ലായ്മ 45 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിലായെന്ന് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ഔദ്യോഗിക കണക്ക് മൂന്നു മാസം മുമ്പാണു പുറത്തുവന്നത്.

ജനങ്ങൾക്കു തൊഴിലില്ല, വരുമാനമില്ല; കൈയിൽ പണവുമില്ല. ഉള്ളവർ പുറത്തിറക്കാതെ ബാങ്കിലിട്ടു. ക്രയവിക്രയങ്ങളില്ലാതെ ബിസിനസ് മേഖല ക്ഷയിച്ചു. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ചിത്രം ഇതാണ്.

## വായ്പ 70 % കുറഞ്ഞു

നോട്ടുനിരോധനത്തിനു പിറകേയാണ് രാജ്യത്തു സാമ്പത്തിക മാന്ദ്യം ആരംഭിച്ചത്. നോട്ടുനിരോധനത്തിനുശേഷം സംരംഭകരും സാധാരണക്കാരും വായ്പയെടുക്കാതെയായി. നിലവിലുള്ള സംരംഭങ്ങളെ നിലനിർത്തിക്കൊണ്ടുപോകാൻതന്നെ ക്ലേശിക്കുമ്പോൾ ആരെങ്കിലും പുതിയ വായ്പയെടുത്ത് നിക്ഷേപം നടത്തുമോ?

ചെറുകിട വായ്പകളിൽ 70 ശതമാനം കുറവാണു രേഖപ്പെടുത്തിയത്. തൊട്ടടുത്ത വർഷവും 68 ശതമാനം കുറവു രേഖപ്പെടുത്തി. ഈ സമ്പത്തിക വർഷം ഇതുവരെ പത്തര ശതമാനത്തിന്റെ കുറവാണു രേഖപ്പെടുത്തിയത്. ബാങ്കിംഗ് മേഖലയെ ഇതു തളർത്തി.

റിസർവ് ബാങ്ക് പലിശ നിരക്കു കുറയ്ക്കുകയാണ്. ജനങ്ങൾ വായ്പയെടുക്കുന്നതു പ്രോൽസാഹിപ്പിക്കാനാണ് പലിശ കുറച്ചതെന്ന് ധനകാര്യ കമ്മീഷൻ അംഗം ഗോവിന്ദ് റാവു. നിക്ഷേപങ്ങളുടെ പലിശയും കുറച്ചിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിക്കുന്നതു പ്രോൽസാഹിപ്പിക്കാതിരിക്കാനാണ് ഈ നടപടി.

ജനങ്ങൾ വായ്പയെടുക്കുന്നതു വർധിപ്പിക്കാൻ വായ്പാ മേളകൾ നടത്തണമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പൊതുമേഖലാ ബാങ്കുകളുടെ മേധാവികൾക്കു നിർദേശം നൽകിയിട്ടുണ്ട്. ചെറുകിട വായ്പകളെ പ്രോൽസാഹിപ്പിക്കാനാണിത്. ഇതിനായി നാനൂറു ജില്ലകളിൽ വായ്പാ മേളകൾ സംഘടിപ്പിക്കും. ആദ്യഘട്ടം കഴിഞ്ഞ മാസം 29 ന് പൂർത്തിയാക്കി. ഈ മാസം 10 നും 15 നുമിടയിൽ രണ്ടാം ഘട്ടവും പൂർത്തിയാക്കും. പലിശനിരക്ക് വീണ്ടും കുറച്ചു. വായ്പയുടെ നടപടിക്രമങ്ങൾ കൂടുതൽ ലളിതവും വേഗത്തിലുമാക്കാൻ നിർദേശം നൽകിയിട്ടുമുണ്ട്.

ധനകാര്യ മേഖലയിൽ സർക്കാർ നടത്തുന്ന ഈ നടപടികൾ എന്തിനുവേണ്ടിയാണ്. തൊഴിലും വരുമാനവും ഇല്ലാതായ ജനങ്ങളുടെ ക്രയശേഷി

**ജനങ്ങൾ വായ്പയെടുക്കുന്നതു വർധിപ്പിക്കാൻ വായ്പാ മേളകൾ നടത്തണമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പൊതുമേഖലാ ബാങ്കുകളുടെ മേധാവികൾക്കു നിർദേശം നൽകിയിട്ടുണ്ട്. ചെറുകിട വായ്പകളെ പ്രോൽസാഹിപ്പിക്കാനാണിത്. ഇതിനായി നാനൂറു ജില്ലകളിൽ വായ്പാ മേളകൾ സംഘടിപ്പിക്കും. ആദ്യഘട്ടം കഴിഞ്ഞ മാസം 29 ന് പൂർത്തിയാക്കി. ഈ മാസം 10 നും 15 നുമിടയിൽ രണ്ടാം ഘട്ടവും പൂർത്തിയാക്കും. പലിശനിരക്ക് വീണ്ടും കുറച്ചു. വായ്പയുടെ നടപടിക്രമങ്ങൾ കൂടുതൽ ലളിതവും വേഗത്തിലുമാക്കാൻ നിർദേശം നൽകിയിട്ടുമുണ്ട്.**

വർധിപ്പിക്കുകയാണു ലക്ഷ്യം. വാങ്ങലും വിൽക്കലും വർധിപ്പിച്ച് വിപണിയേയും വ്യവസായങ്ങളേയും ഉണർത്തിയാലേ സമ്പദ് വ്യവസ്ഥ ഊർജസ്വലമാകൂ.

## വിത്തെടുത്തും ധൂർത്ത്

നോട്ട് നിരോധനം കള്ളപ്പണം ഇല്ലാതാക്കിയെന്നാണ് കേന്ദ്ര സർക്കാർ അവകാശപ്പെട്ടതെങ്കിലും റദ്ദാക്കപ്പെട്ട കറൻസികളെല്ലാം റിസർവ് ബാങ്കിൽ മടങ്ങിയെത്തി. എല്ലാം വെള്ളപ്പണംതന്നെ. നോട്ട് നിരോധനം ഡിജിറ്റൽ സമ്പദ് വ്യവസ്ഥ എന്ന വിപ്ലവകരമായ മാറ്റത്തിനു വഴിയൊരുക്കി. എന്നാൽ ജനങ്ങളുടെ ക്രയശേഷി കുറഞ്ഞു. ഇടപാടുകൾ കുറഞ്ഞു. വ്യാപാരവും വ്യവസായവും തകരാൻ വഴിയൊരുക്കിയത് അതാണ്. അതോടെ സർക്കാരിന്റെ നികുതി വരുമാനവും കുറഞ്ഞു. സർക്കാരിന്റെ നിത്യച്ചെലവിനു പണം കണ്ടെത്താൻ ഇതോടെ നികുതി ഭീകരതയും വ്യവസായികളെ വേട്ടയാടലും തുടങ്ങി. രാഷ്ട്രീയ പ്രതിയോഗികളെ ഇല്ലാതാക്കാനുള്ള തന്ത്രംകൂടിയാണത്.




ജനങ്ങളുടെ മാത്രമല്ല, സർക്കാരിന്റെ ഖജനാവും കാലിയായപ്പോഴാണ് റിസർവ് ബാങ്കിലെ കരുതൽധനം പിടിച്ചെടുക്കാനുള്ള തന്ത്രങ്ങൾ തുടങ്ങിയത്. വിയോജിപ്പു പ്രകടിപ്പിച്ച റിസർവ് ബാങ്ക് ഗവർണറെ ഒന്നാം മോദി സർക്കാരിന്റെ അവസാന കാലത്തു പുകച്ചു പുറത്താക്കി.

ഇപ്പോൾ കരുതൽ ധനശേഖരത്തിൽനിന്ന് 1,76,051 കോടി രൂപ കേന്ദ്ര സർക്കാരിന് നൽകാൻ റിസർവ് ബാങ്ക് തീരുമാനിച്ചു. പണലഭ്യത വർധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനാണ് നടപടി. കരുതൽ ധനം നൽകണമെന്ന് ബിമൽ ജലാൻ സമിതി സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു.

ഒന്നേമുക്കാൽ ലക്ഷം കോടി രൂപ പുറത്തെത്തുന്നതോടെ നിക്ഷേപങ്ങളും ക്രയവിക്രയങ്ങളും വർധിക്കും. നാണ്യപ്പെരുപ്പത്തിനും വിലക്കയറ്റത്തിനും സാധ്യത. എന്നാൽ കൈയിൽ കിട്ടുന്ന ഒന്നേമുക്കാൽ കോടി രൂപ എങ്ങനെ ചെലവാക്കണമെന്ന് കേന്ദ്ര ധനമന്ത്രാലയം ഇനിയും തീരുമാനിച്ചിട്ടില്ല.

കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി നിർമല സീതാരാമൻ ഭീമമായ ചില നികുതികൾ പ്രഖ്യാപിച്ചിരുന്നു. ഓഹരി വിപണിയിലെ നിക്ഷേപങ്ങളിൽ പോലും നികുതി ചുമത്തി. ഇതോടെ ഓഹരി വിപണിയിലും വിദേശ നിക്ഷേപ മേഖലയിലും വൻ തകർച്ച അനുഭവപ്പെട്ടു. ഇപ്പോൾ സാമ്പത്തിക തകർച്ച നേരിടാൻ അത്തരം നികുതികൾ പിൻവലിക്കുകയും കോർപറേറ്റുകൾക്ക് വൻ നികുതി ഇളവു പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഓഹരി വിപണിയിൽ ഉണർവുണ്ടാക്കുകയും ചെയ്തു.

രണ്ടാം മോദി സർക്കാർ നൂറു ദിവസം പിന്നിട്ടപ്പോൾ ഓഹരി വിപണിയിൽ നിക്ഷേപകർക്കു നഷ്ടമായത് 12.5 ലക്ഷം കോടി രൂപയാണ്. ലിസ്റ്റു ചെയ്ത കമ്പനികളുടെ മൊത്തം വിപണി മൂല്യം1,41,15,316.39 കോടി രൂപയായി കുറഞ്ഞു. മോദി അധികാരമേറ്റ മേയ് 30 ന്നു തലേന്ന് 1,53,62,936.40 കോടി രൂപയായിരുന്നു. നൂറു ദിവസംകൊണ്ട് സെൻസെക്സ് ഇടിഞ്ഞത് 2,357 പോയിന്റ്. 5.96 ശതമാനം.

ഇന്ത്യൻ മൂലധന വിപണിയിൽ നിന്ന് സെപ്റ്റംബറിലെ ആദ്യ ആഴ്ചയിൽ വിദേശ പോർട്ട്ഫോളിയോ നിക്ഷേപകർ പിൻവലിച്ചത് 4,263.79 കോടി രൂപയാണ്. സെപ്റ്റംബർ മൂന്ന് മുതൽ ആറ് വരെയുള്ള കണക്കുകൾ പ്രകാരമാണിത്. ഓഹരി വിപണിയിൽ നിന്ന് ഇക്കഴിഞ്ഞ ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള പാദത്തിൽ 4.5 ബില്യൺ ഡോളർ ഇന്ത്യൻ ഓഹരികൾ വിൽക്കപ്പെട്ടു. 1999 ന് ശേഷമുള്ള ഏറ്റവും വലിയ പാദ പിൻവലിക്കലാണിത്.

## ഉത്തേജനവും കുതിപ്പും

തകർച്ച ഗുരുതരമായി തുടരുന്നതു തടയാനാണ് കേന്ദ്ര ധനമന്ത്രി ഇക്കഴിഞ്ഞ 19 നും 20 നുമായി ചില ഉത്തേജനങ്ങൾ പ്രഖ്യാപിച്ചത്. കോർപറേറ്റ് നികുതി 22 ശതമാനമാക്കി വെട്ടിക്കുറച്ചു. സർക്കാർ ആനുകൂല്യങ്ങൾ സ്വീകരിക്കാത്ത ആഭ്യന്തര കമ്പനികളും പുതിയ പ്രാദേശിക മാനുഫാക്ചറിംഗ് കമ്പനികളും സെസും എല്ലാ സർചാർജുകളും ഉൾപ്പെടെ 25.17 ശതമാനം നികുതി അടച്ചാൽ മതി. നേരത്തെ ഇത് 30 ശതമാനമായിരുന്നു. സർക്കാർ ആനുകൂല്യങ്ങൾ സ്വീകരിക്കുന്ന കമ്പനികൾക്ക് മിനിമം ഓൾട്ടർനേറ്റ് ടാക്സ് 18 ശതമാനത്തിൽനിന്ന് 15 ശതമാനമാക്കി കുറച്ചു.

ഭവന നിർമാണ മേഖലയെ പ്രോൽസാഹിപ്പിക്കുന്ന നടപടികളും പ്രഖ്യാപിച്ചിട്ടുണ്ട്. മോട്ടോർ

വാഹന മേഖലയ്ക്ക് ഉത്തേജനം നൽകാൻ നികുതി കുറയ്ക്കുമെന്നു പ്രതീക്ഷിച്ചിരുന്നെങ്കിലും ഉണ്ടായില്ല. നികുതി 28 ശതമാനത്തിൽനിന്ന് 18 ശതമാനമായി കുറയ്ക്കുമെന്നായിരുന്നു പ്രതീക്ഷ.

കോർപറേറ്റ് നികുതി വെട്ടിക്കുറച്ച ദിവസം ഓഹരി വിപണിയിൽ കുതിച്ചുചാട്ടം. രണ്ടു ദിവസംകൊണ്ട് 2682 പോയിന്റ് വർധിച്ചു. ആദ്യ ദിവസം സെൻസെക്സ് 1,607 പോയിന്റ് ഉയർന്ന് 37,701 ലെത്തി. 1,445 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലായി. തുടർച്ചയായി രണ്ടാം ദിവസവും ഈ കുതിപ്പു തുടർന്നു. സെൻസെക്സ് 1075.41 പോയന്റ് ഉയർന്ന 39090.03ലും നിഫ്റ്റി 329.20 പോയന്റ് നേട്ടത്തിൽ 11,603.40 ലും എത്തി. ബിഎസ്ഇയിലെ 1647 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലും 951 ഓഹരികൾ നഷ്ടത്തിലുമായിരുന്നു.




## പുതിയ സംരംഭങ്ങൾ

രാജ്യത്തു പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ വായ്പ ഉദാരമാക്കിക്കൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി ആരംഭിച്ച പദ്ധതിയാണു മുദ്ര. ഈ പദ്ധതിയും പച്ചപിടിച്ചില്ല. പദ്ധതി ആരംഭിച്ച 2015 മുതൽ 2017 വരെ 1.12 കോടി തൊഴിലവസരങ്ങൾ സൃഷ്ടിച്ചെന്നാണു സർക്കാരിന്റെ അവകാശവാദം. 12.27 കോടി ബാങ്ക് അക്കൗണ്ടുകൾ വഴി 5.71 ലക്ഷം കോടി രൂപ മുദ്ര വായ്പ നൽകി. പത്തു ലക്ഷം രൂപവരെ വായ്പ ലഭിക്കും. എന്നാൽ ശരാശരി വായ്പാതുക അമ്പതിനായിരം രൂപയാണ്. വായ്പ വാങ്ങിയവരിൽ 20 ശതമാനം പേർ മാത്രമാണ് പുതിയ സംരംഭം ആരംഭിച്ചത്. 80 ശതമാനം പേരും നിലവിലുള്ള സംരഭങ്ങളിലെ സാമ്പത്തിക പ്രതിസന്ധികൾ പരിഹരിക്കാനാണ് വായ്പയെടുത്തത്. മാർച്ച് 27 നു തൊഴിൽ മന്ത്രാലയം സമർപ്പിച്ച റിപ്പോർട്ട് ഇതുവരേയും ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല.

## ബാങ്കു ലയനം

സമീപ ഭാവിയിൽ ബാങ്കുകളുടെ എണ്ണം കുറയും. പുതുതലമുറ ഡിജിറ്റൽ യുഗത്തിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നവരാണ്. ഫോണിലെ കീപാഡിൽ ഒളിപ്പിച്ച രഹസ്യ കോഡിൽ വിരലമർത്തി പണമിടപാടു നടത്തുന്നർ.

ബാങ്കുകൾ തമ്മിലുള്ള മൽസരം വർധിക്കുന്നു. പ്രവർത്തന ചെലവും നിഷ്ക്രിയ ആസ്തിയും കുറച്ചുകൊണ്ടുവരാനുള്ള തീവ്ര ശ്രമത്തിലാണു ബാങ്കുകൾ. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ചില ബാങ്കുകളെ ലയിപ്പിച്ചു. ഇപ്പോൾ രണ്ടാം ഘട്ടമെന്ന നിലയിൽ പത്തു പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ചു നാലു ബാങ്കുകളാക്കുന്നു. പൊതുമേഖലാ ബാങ്കുകൾ 12 ആയി ചുരുങ്ങും.

ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി 8.65 ലക്ഷം കോടിയിൽനിന്ന് 7.90 ലക്ഷം കോടിയായി കുറഞ്ഞെന്നു ധനമന്ത്രി നിർമല സീതാരാമൻ അവകാശപ്പെടുന്നുണ്ട്. വലിയ ബാങ്കുകളുടെ രൂപവത്കരണമാണ് ലയനത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഏറ്റവും വലിയ ബാങ്കായ എസ്ബിഐക്ക് പിറകേ, രണ്ടാമത്തെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്ക് പഞ്ചാബ് നാഷണൽ ബാങ്കാകും.

പൊതുമേഖലാ ബാങ്കുകൾക്കു മൂലധനമായി 70,000 കോടി രൂപ ലഭ്യമാക്കുമെന്നു ധനമന്ത്രി പ്രഖ്യാപിച്ചിരുന്നു. വൻ വ്യവസായികൾ ശതകോടികളുടെ വായ്പെടുത്തു മുങ്ങിയതുമൂലം ബാങ്കുകൾക്കുണ്ടായ നഷ്ടം നികത്താനാണ് ജനങ്ങളുടെ ഖജനാവിൽനിന്ന് ഈ പണം പൊതുമേഖലാ ബാങ്കുകൾക്കു നൽകുന്നത്.

## അതിജീവിച്ചേ തീരൂ

സാമ്പത്തിക മേഖലയിലെ പ്രതിസന്ധി രണ്ടോ മൂന്നോ വർഷം കഴിഞ്ഞാൽ പരിഹരിക്കപ്പെടുന്നതാണോ? അല്ലെന്നാണ് സാമ്പത്തിക ശാസ്ത്രജ്ഞർ നൽകുന്ന സൂചന. സർക്കാർ കൈക്കൊള്ളുന്ന അറ്റകൈ പ്രയോഗങ്ങൾ ഒരു വശത്ത്. വാണിജ്യ, വ്യവസായ, കാർഷിക മേഖലയിലെല്ലാം ഭീമമായ നഷ്ടങ്ങളുണ്ടാക്കുന്ന സാമ്പത്തിക തിരിച്ചടികൾ മറുവശത്ത്.

പ്രതിസന്ധിയെ മറികടക്കാനുള്ള പ്രധാന പോംവഴി ക്രയവിക്രയം പ്രോൽസാഹിപ്പിക്കുകയാണ്. വാണിജ്യ ഇടപാടുകൾ വളർത്തുകയാണ്. വരുമാനം കുറഞ്ഞുപോയ ജനവിഭാഗത്തെ സാമ്പത്തിക പര്യാപ്തതയുടെ മുഖ്യധാരയിലേക്കു കൊണ്ടുവരണം. എന്നാൽ സാമ്പത്തിക പ്രതിസന്ധിയെ ഭീതിയോടെ കാണുന്ന ജനം പണം ചെലവാക്കാൻ മടിച്ചുനിൽക്കും. മികച്ച വരുമാനവും പണവുമുള്ളവർ അതു പുറത്തിറക്കാതിരുന്നാൽ വീണ്ടും തിരിച്ചടിയാകും.

നയവൈകല്യംകൊണ്ടു തകർത്തുകളഞ്ഞ സാമ്പത്തിക വ്യവസ്ഥയെ കരുത്തുറ്റതാക്കേണ്ടിയിരിക്കുന്നു. പ്രതിസന്ധികളുടെ ഈ പ്രളയത്തേയും അതിജീവിച്ചേ തീരൂ.



സുപ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ

# കൊരട്ടി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ

## അത്ഭുതപ്രവർത്തകയായ കൊരട്ടിമുത്തിയുടെ

# തിരുനാൾ

## 2019 ഒക്ടോബർ 9 മുതൽ 27 വരെ

**തിരുനാൾ ഒക്ടോബർ 12, 13**
**എട്ടാമിടം – 19, 20**
**പതിനഞ്ചാമിടം – 26, 27**

സ്നേഹം നിറഞ്ഞവരേ,


വിളിച്ചാൽ വിളികേൾക്കുന്ന അത്ഭുതപ്രവർത്തകയായ പരിശുദ്ധ കൊരട്ടി മുത്തിയുടെ തിരുനാൾ കൊരട്ടി സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ ഈ വർഷവും ഭക്തിനിർഭരമായി ആഘോഷിക്കുകയാണ്. തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്ത് കൊരട്ടിമുത്തിയുടെ മാധ്യസ്ഥം യാചിക്കുവാനും അനുഗ്രഹങ്ങൾ തേടുവാനും ഏവരേയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

വികാരി
ഫാ. അബ്രാഹം ഓലിയപ്പുറത്ത്

# ക്രിപ്റ്റോ കറൻസി ചൂതുകളിയോ?

**റയൻ ജോസഫ്**

ഡെറാഡൂണിൽ വച്ചാണ് BTCBITZ കമ്പനി ഉടമ ഇരുപത്തിനാല് വയസ് മാത്രം പ്രായമുള്ള പെരിന്തൽമണ്ണ സ്വദേശി അബ്ദുൾ ഷുക്കൂർ കൊല്ലപ്പെടുന്നത്. വാക്ക് കൊടുത്ത വരുമാനം നിക്ഷേപകർക്ക് മടക്കിനൽകാൻ കഴിയാതെ വന്നതും, നിക്ഷേപിച്ച മുതൽ മുടക്കിനു പോലും അപകടകരമാംവിധം ബിറ്റ് കോയിൻ ക്രിപ്റ്റോ കറൻസി മൂല്യം 2018 ജനുവരി മുതൽ 2019 മാർച്ച് വരെ ഇടിഞ്ഞതുമെല്ലാം കമ്പനി നടത്തിപ്പിനെ സാരമായി തന്നെ ബാധിച്ചിരുന്നു. ബിറ്റ്കോയിൻ 2019 മാർച്ചിനുശേഷം മൂല്യത്തിൽ വർധന രേഖപ്പെടുത്തിയെങ്കിലും രണ്ടും മൂന്നും സ്ഥാനക്കാരായ എത്തീറിയം, XRP മുതലായ നിരവധി ക്രിപ്റ്റോകറൻസികൾ 2018 ജനുവരി മാസം മുതൽ മൂല്യത്തിൽ വൻ തകർച്ച തുടരുകയാണ്. ഷുക്കൂറിന്റെ ക്രിപ്റ്റോ കറൻസി അക്കൗണ്ട് പാസ്‌വേഡ് കണ്ടെത്തുന്നതിനുള്ള തർക്കങ്ങളാണ് കൊലപാതകത്തിലേക്ക് വഴിവെച്ചതത്രേ.




## ക്രിപ്റ്റോ കറൻസി

ഒരു സാധാരണ ഇടപാടിൽ ഒരു ബാങ്ക് അക്കൗണ്ടിൽ നിന്ന് മറ്റൊരു ബാങ്ക് അക്കൗണ്ടിലേക്ക് പണം കൈമാറ്റം ചെയ്യുമ്പോൾ, ബാങ്ക് എന്ന ഒരു ഇടനിലക്കാരൻ ഈ ഇടപാടിൽ ഭാഗമായി തീരുന്നു. ഇവിടെ ബാങ്ക് ഫീസുകൾ, ഇടപാടിനെടുക്കുന്ന സമയം, നിരവധി സുരക്ഷാ പരിശോധനകൾ എന്നിവയെല്ലാം ഇടപാടിനെ ബാധിക്കുന്നു. മറ്റൊരു രാജ്യത്തേക്കാണ് പണമിടപാടെങ്കിൽ വലിയ തുക തന്നെ കറൻസി എക്സ്ചേഞ്ച്, ബാങ്ക് ഫീസ് മുതലായ വിവിധ ഘട്ടങ്ങളിൽ നഷ്ടമാകുന്നു. ഇവിടെയാണ് ക്രിപ്റ്റോകറൻസികളുടെ പിന്നിലെ ആശയത്തിന്റെ ജനനം.

ഇടനിലക്കാരനില്ലാതെ നേരിട്ട് വളരെ വിശ്വസനീയമായി പണമിടപാടുകൾ നടത്തുകയാണ് ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ക്രിപ്റ്റോ കറൻസികൾ. ഓരോ ക്രിപ്റ്റോകറൻസി ഇടപാടിലും അതിന്റേതായ വിശദവിവരങ്ങളും, വ്യത്യസ്തമായ സംഖ്യാശ്രേണികളും ബ്ലോക്ക് ചെയിനിൽ ഓരോരോ ബ്ലോക്കുകളായി കൂട്ടിച്ചേർക്കപ്പെടുന്നു. ഇങ്ങനെ വരുമ്പോൾ ലോകമെമ്പാടും നടക്കുന്ന ഓരോ ക്രിപ്റ്റോകറൻസി ഇടപാടുകളും സംബന്ധിച്ച വിശദമായ വിവരങ്ങൾ ഇടനിലക്കാരില്ലാതെ തന്നെ ബ്ലോക്ക് ചെയിൻ എന്ന സാങ്കേതിക വിദ്യയിൽ ചേർക്കപ്പെടുന്നു. ഇത്തരം ക്രിപ്റ്റോ ഇടപാടുകൾ വളരെ വേഗമേറിയതും, വിശ്വസനീയവും, ഇടനിലക്കാരുടെ അഭാവത്തിൽ ചിലവ് കുറഞ്ഞതും ആകുന്നു. ക്രിപ്റ്റോ കറൻസിക്ക് ഉദാഹരണങ്ങളാണ് ബിറ്റ്കോയിൻ, എത്തീറിയം,





XRP, കർഡാനോ മുതലായ ക്രിപ്റ്റോകറൻസികൾ. ബിറ്റ്കോയിൻ ആണ് ഇവയിൽ ഏറ്റവും മൂല്യമേറിയതും വിവിധ രാജ്യങ്ങളിൽ ഷോപ്പിംഗിനും മറ്റുമായി ഉപയോഗിക്കപ്പെടുന്നതും. ഇടപാടുകളിൽ ഇടനിലക്കാരുടെ അഭാവത്തിൽ ഉയർന്ന സ്വകാര്യത ഉള്ളതിനാൽ തീവ്രവാദം, ഓൺലൈൻ കള്ളക്കടത്ത് മുതലായ ഇടങ്ങളിൽ ബിറ്റ്കോയിൻ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു.

'കോയിൻ മാർക്കറ്റ് കാപ്' എന്ന വെബ്സൈറ്റ് സന്ദർശിച്ചാൽ ബിറ്റ്കോയിൻ അടങ്ങുന്ന നിരവധി ക്രിപ്റ്റോ കറൻസികളുടെ വിവിധ വിവരങ്ങളും അവയുടെ പോയ കാലങ്ങളിലെ മൂല്യത്തെ സൂചിപ്പിക്കുന്ന ഗ്രാഫുകളും ലഭിക്കും. കഴിഞ്ഞുപോയ അഞ്ച് വർഷ കാലയളവിലെ ഓരോ ക്രിപ്റ്റോ കറൻസികളുടെ ഗ്രാഫുകൾ വിശകലനം ചെയ്യേണ്ടത് നിക്ഷേപിക്കുന്നതിനു മുന്നെ 100% അനിവാര്യമാണ്. ഉദാഹരണത്തിന് 2018 ജനുവരിയിൽ താങ്കൾ ഒരു ബിറ്റ്കോയിൻ വാങ്ങി എന്നിരിക്കട്ടെ. ഏകദേശം 12 ലക്ഷം രൂപ ഇതിനായി ചെലവ് വന്നിരിക്കും. 2019 മാർച്ച് മാസം വരെ 12 ലക്ഷത്തിൽനിന്ന് മൂന്ന് ലക്ഷത്തിന് താഴേക്ക് ബിറ്റ്കോയിൻ മൂല്യം കൂപ്പുകുത്തുകയായിരുന്നു. ഇത്തരം ഡിജിറ്റൽ കറൻസികളുടെ നാളത്തെ മൂല്യം പ്രവചിക്കുക എന്നത് അസാധ്യം എന്നുതന്നെ പറയുന്നതിൽ തെറ്റില്ല. ആയതിനാൽ ആ നഷ്ടത്തിൽ 2019 മാർച്ചിൽ താങ്കൾ ബിറ്റ്കോയിൻ വിറ്റ് പിന്മാറിയാൽ 75% നഷ്ടം ആണ് താങ്കൾക്ക് ഉണ്ടാവുന്നത്. ബിറ്റ്കോയിൻ മൂല്യം ഇടക്കാലത്ത് വർധിച്ചെങ്കിലും മറ്റ് ക്രിപ്റ്റോ കറൻസികളിൽ പലതിനും 2018 ജനുവരിയിൽ തുടങ്ങിയ തകർച്ചയിൽ നിന്ന് കരകയറാൻ സാധിച്ചിട്ടില്ല. ഒറ്റ രാത്രി കൊണ്ട് നഷ്ടപ്പെട്ടാൽ താങ്കളെ യാതൊരു വിധത്തിലും ബാധിക്കാത്ത തുകയാവണം നിർബന്ധമെങ്കിൽ ക്രിപ്റ്റോകറൻസികളിൽ നിക്ഷേപിക്കേണ്ടത്.

അതും വ്യക്തമായി ഇവയുടെ മൂല്യങ്ങളിലുണ്ടാവുന്ന ചലനങ്ങൾ നിരീക്ഷിക്കാനുള്ള സമയവും ഉണ്ടാവേണ്ടതുണ്ട്. നിക്ഷേപിക്കുവാൻ ഉറങ്ങും മുമ്പേ ക്രിപ്റ്റോ കറൻസികൾ വിറ്റ് എക്സ്ചേഞ്ചിൽ രൂപയായി സൂക്ഷിച്ചാലും തെറ്റില്ല. കാരണം ഒരു രാത്രി ധാരാളം മതിയാകും നിക്ഷേപത്തിന് സാരമായ കുറവുണ്ടാകാൻ. അത്രത്തോളം മൂല്യത്തിന് വ്യത്യാസം വരാൻ സാധ്യതയുള്ളവയാണ് ക്രിപ്റ്റോ കറൻസികൾ.



# NiRMALA

## College for International Studies

**Nirmala College Administrative Block, Chalakudy**

## 'വിദേശ വിദ്യാഭ്യാസത്തിനൊരു കലാലയം'

**സെപ്റ്റംബർ 21ന് നടന്ന**
**ഇന്റർനാഷണൽ എഡ്യൂക്കേഷൻ ഫെയറിൽ**
**പങ്കെടുത്തവർക്കെല്ലാം ഉന്നതവിജയാശംസകൾ**

**പഠനം വിദേശത്താവാൻ പറക്കാം നിർമ്മലയോടൊത്ത്...**

## കാനഡ, അയർലൻഡ്, യു.കെ, ജർമ്മനി, ഫ്രാൻസ്, സിങ്കപ്പൂർ

**തുടങ്ങി വിവിധ വിദേശ യൂണിവേഴ്സിറ്റികളിൽ ഉന്നത പഠനത്തിനവസരം.**

അഞ്ചു ലക്ഷം രൂപയോളം സ്കോളർഷിപ്പ് ലഭിക്കുന്ന കോഴ്സുകൾ. IELTS ഐച്ഛികമായി പഠിക്കാതെത്തന്നെ വിദേശ വിദ്യാഭ്യാസത്തിനവസരം. ജർമ്മനും ഫ്രഞ്ചും പഠിക്കാതെ ജർമ്മനിയിലും ഫ്രാൻസിലും ഉപരിപഠനത്തിനവസരം. പഠനം ഇന്ത്യയിലാരംഭിച്ച് വിദേശത്ത് പൂർത്തീകരിക്കാനാവുന്ന ക്രെഡിറ്റ ട്രാൻസ്ഫർ-പാത്ത്‌വേ പദ്ധതികൾ. പഠനത്തോടൊപ്പം ജോലിക്കുള്ള അവസരങ്ങൾ.

*** അഭിനന്ദനങ്ങൾ***

2019 സെപ്റ്റംബർ അവസാനവാരത്തിൽ, ഞങ്ങളുടെ സ്ഥാപനത്തിൽനിന്നും അഡ്മിഷൻ ലഭിച്ച് വിവിധ വിദേശ രാജ്യങ്ങളിലേക്ക് യാത്രതിരിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും നിർമ്മല കോളജ് ഫോർ ഇന്റർനാഷണൽ സ്റ്റഡീസിന്റെ യാത്രാമംഗളങ്ങൾ.

*For more details please contact:*

**Phone: +91 828 996 9433 | + 91 828 144 3523**

# ഇന്ത്യയുടെ പാട്ടുജീവിതം

**തേജശ്രീ**

**തിരക്കുപിടിച്ച, ടെൻഷൻ നിറഞ്ഞ ജീവിതത്തിൽ വലിയൊരു ആശ്വാസമാണ് സംഗീതം. ഏതുതരം സംഗീതവുമാകട്ടെ മനസിന് ഉണർവു നൽകാൻ അതിനേക്കാൾ നല്ല മരുന്നില്ല. ഇന്ത്യയിൽ പാട്ടുകേൾക്കുന്നവരുടെ എണ്ണവും, അവർ കേൾക്കുന്ന സമയവും കൂടിയെന്ന് പുതിയ പഠനങ്ങൾ തെളിയിക്കുന്നു....**


നല്ല വാർത്തയാണ്. നമ്മുടെ രാജ്യത്ത് പാട്ടുകേൾക്കൽ കൂടി. ഇന്ത്യയിലെ റിക്കാർഡ് ചെയ്യപ്പെട്ട സംഗീത വ്യവസായരംഗത്തെ പ്രതിനിധീകരിക്കുന്ന ഐഎംഐ (ഇന്ത്യൻ മ്യൂസിക് ഇൻഡസ്ട്രി) നടത്തിയ ഡിജിറ്റൽ മ്യൂസിക് സ്റ്റഡിയിലാണ് കേൾക്കാൻ സുഖമുള്ള കണക്കുകൾ പുറത്തുവന്നിരിക്കുന്നത്. 16നും 64ഉം ഇടയ്ക്കു പ്രായമുള്ള സംഗീതപ്രേമികളിൽ ഐഎംഐ നടത്തിയ സർവേയിൽനിന്നുള്ള വിവരങ്ങൾ ഇങ്ങനെ ചുരുക്കിപ്പറയാം.




1. പാട്ടുകേൾക്കുന്ന സമയം കൂടി.
2. മിക്കവാറുംപേർ പാട്ടുകേൾക്കുന്നതിനെ സ്നേഹിക്കുന്നു. പലർക്കും അതൊരു ഭ്രാന്തൻ ഇഷ്ടമാണെന്നും പറയാം.
3. മുതിർന്ന സംഗീതപ്രേമികൾപോലും മ്യൂസിക് സ്ട്രീമിംഗ് സർവീസുകളെ ആശ്രയിച്ചുതുടങ്ങി.
4. ഇതൊക്കെയാണെങ്കിലും കോപ്പിറൈറ്റ് പ്രശ്നം ഈ രംഗത്തിനു വെല്ലുവിളിയാണ്.

കാര്യങ്ങൾ അല്പംകൂടി വിശദമായി പരിശോധിക്കാം. ആളുകൾ പാട്ടുകേൾക്കുന്ന സമയം കൂടി എന്നു പറയുമ്പോൾ എത്രസമയം എന്നുകൂടി അറിയണം. ഐഎംഐ നടത്തിയ സർവേയിൽ പങ്കെടുത്തവർ ആഴ്ചയിൽ ശരാശരി 19 മണിക്കൂർ സമയം പാട്ടുകേൾക്കാൻ ചെലവിടുന്നുണ്ട്. ആഗോള ശരാശരി ഇത് 18 മണിക്കൂറാണ്. ഇന്ത്യക്കാർ ദിവസം രണ്ടര മണിക്കൂറിലേറെ നേരം പാട്ടുകേൾ





ക്കുന്നു! മൂന്നു മിനിറ്റ് ദൈർഘ്യമുള്ള പാട്ടുകൾ ആണെങ്കിൽ 54 എണ്ണം.

പാട്ട് ഭ്രാന്തുപോലെ കൊണ്ടുനടക്കുന്നവർ സർവേയിൽ പങ്കെടുത്ത 80 ശതമാനംപേർ വരും. ആഗോളശരാശരിയായ 54 ശതമാനത്തേക്കാൾ ഏറെ മുകളിൽ. 90 ശതമാനം ആളുകളും ഏതെങ്കിലും മ്യൂസിക് സ്ട്രീമിംഗ് സർവീസുകളിലൂടെ പാട്ടുകേൾക്കുന്നവരാണ്. കഴിഞ്ഞവർഷത്തേക്കാൾ ഇത് ഏഴു ശതമാനം കൂടി. 16 മുതൽ 24 വരെ പ്രായമുള്ളവരാണ് സ്ട്രീമിംഗിനെ കൂടുതൽ ആശ്രയിക്കുന്നതെങ്കിലും മുതിർന്നവർക്കും ഈ സർവീസിനോടു താത്പര്യമാണ്.

കോപ്പിറൈറ്റിന്റെ പ്രശ്നം അല്പം സങ്കീർണമാണ്. 67 ശതമാനം ആളുകളും പാട്ടുകളുടെ വ്യാജ പതിപ്പുകളാണ് കേൾക്കുന്നത്. നിയമപരമല്ലാത്ത സ്ട്രീമിംഗ് സർവീസുകളെയും ഒട്ടേറെപേർ ആശ്രയിക്കുന്നു.




സ്മാർട്ട്ഫോണുകളുടെ വ്യാപനവും തീരെക്കുറഞ്ഞ നിരക്കിൽ ഡാറ്റ ലഭ്യമായിത്തുടങ്ങിയതുമാണ് ഇന്ത്യയിൽ പാട്ടുകേൾക്കലിന് മികച്ച ഉണർവു നൽകിയത്. ബജറ്റ് സ്മാർട്ട്ഫോണുകൾ ഇനിയുമെത്തിയാൽ പാട്ടിനെ കൂടുതൽപ്പേർ ഇഷ്ടപ്പെട്ടുതുടങ്ങുമെന്നും ഉറപ്പ്.

ആളുകൾ എന്തുതരം പാട്ടുകളാവും കൂടുതൽ കേൾക്കുന്നുണ്ടാവുക എന്നതും കൗതുകകരമാണ്. സിനിമാപ്പാട്ടുകളേക്കാൾ പലരും ഭക്തിഗാനങ്ങൾ കേൾക്കുന്നുണ്ട്. ഇൻഡി-പോപ് ഗാനങ്ങൾക്കും ആരാധകർ ഏറെ. പുതിയ സംഗീത സംവിധായകർക്കും ഗായകർക്കും ഉപകരണ സംഗീത വിദഗ്ധർക്കും ഗാനരചയിതാക്കൾക്കുമെല്ലാം ഒരു പുതിയ ആകാശമാണ് തുറന്നുവരുന്നതെന്നു വ്യക്തം. കഴിവുള്ളവർക്ക് അപാരമായ സാധ്യതകൾ ഉണ്ടെന്ന് ഉറപ്പുതരുന്നതാണ് ഈ ആകാശം. അതേസമയം പഴയതും പുതിയതുമായ ബോളിവുഡ് ഗാനങ്ങൾക്ക് വലിയ അളവിൽ ആവശ്യക്കാരുണ്ട്.

തങ്ങളുടെ പഠനം ഇന്ത്യൻ സംഗീത ട്രെൻഡുകൾക്കു നേരെ പിടിച്ച കണ്ണാടിയാണെന്നു പറയുന്നു ഐഎംഐ പ്രസിഡന്റും സിഇഒയുമായ ബ്ലെയ്സ് ഫെർണാണ്ടസ്. 25 മുതൽ 34 വയസുവരെയും, 35 മുതൽ 44 വയസുവരെയുമുള്ള രണ്ടു സെഗ്മെന്റുകൾ ഈ രംഗത്ത് ഏറെ നിർണായകമാണ്. ഇതു രണ്ടുമാണ് ഏറ്റവും വേഗത്തിൽ വളർച്ച നേടുന്നതും. അതിനാൽത്തന്നെ ഒരു പ്രീമിയം സബ്സ്ക്രിപ്ഷൻ അധിഷ്ഠിത സ്ട്രീമിംഗ് മോഡലിന് രാജ്യത്ത് ഏറ്റവും അനുയോജ്യമായ ലോഞ്ച് പാഡ് ഒരുങ്ങിക്കഴിഞ്ഞെന്നും അദ്ദേഹം പറയുന്നു.

# ജയിലുകൾ പരിഷ്കരിച്ചാൽ സാമ്പത്തിക നേട്ടം കൊയ്യാം



ദേവൻ നായർ
Director, Sonnet Creations Pvt Ltd.
Thrissur



എല്ലാ മേഖലകളും മാറ്റങ്ങൾക്ക് വിധേയമാകുകയാണല്ലോ? ആഗോളവത്ക്കരണത്തിന്റെ പ്രധാന നേട്ടവും ഇതു തന്നെ. എന്തുകൊണ്ട് നമ്മുടെ ജയിലുകൾ പരിഷ്കരിച്ചുകൂടാ. വർഷങ്ങൾക്കുമുമ്പ് പ്രശസ്ത മാധ്യമ പ്രവർത്തകൻ ടി.ജെ.എസ്. ജോർജ്ജ് എഴുതിയ ഒരു ലേഖനമാണ് ഓർമ്മവരുന്നത്. അദ്ദേഹം അന്ന് എഴുതിയതിനേക്കാൾ കുറ്റകൃത്യങ്ങൾ അതും വി.ഐ.പി കൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾ കൂടിക്കൂടി വരുന്നു. കുറ്റങ്ങൾ ചെയ്യാൻ വി.ഐ.പി. കൾക്ക് മടിയില്ലെങ്കിലും ജയിലിൽ പോകാൻ അവരൊട്ടും തയ്യാറല്ല. അതിനായി നിയമവാഴ്ചയെ വളച്ചൊടിക്കാൻ അവർക്ക് മടിയില്ല. കാരണം ജയിലുകളെക്കുറിച്ചുള്ള അവരുടെ മനസ്സിലെ ചിത്രം സിനിമകളിൽ കാണുന്നതുപോലെ ഭീകരമാണ്. ഭക്ഷണത്തി ന് ക്യൂ നിൽക്കുക, മുടിവെട്ടാൻ ക്യൂ നിൽക്കുക, വൃത്തിഹീനമായ ടോയ്‌ലറ്റുകൾ, കുളിക്കുവാ ൻ സിമന്റു തൊട്ടിയിൽ വെള്ളവും ഇരുമ്പു ബക്കറ്റും. ഈ ഇരുമ്പു ബക്കറ്റുകൊണ്ടാണ് സിനിമയിലെ നായകൻമാർ വില്ലൻമാരെ അടിച്ച് തലമണ്ട പൊട്ടിക്കുന്നത്. ഇതൊക്കെയാണ് ജയിലിനെക്കുറിച്ചുള്ള അവരുടെ അറിവ്. മമ്മൂട്ടി, മായാവി എന്ന സിനിമയിൽ തന്നെ ജയിലിലെ ഗോതമ്പു തീറ്റിക്കുമെന്ന് പറയുന്നവനോട് കരണക്കുറ്റിക്ക് രണ്ടു കൊടുത്ത് അവിടെ ഗോതമ്പുണ്ടയല്ലടാ മൂന്നു നേരം ചോറാണെന്ന് പറയുന്ന ഒരു സീനുണ്ട്.

ജയിലിലെ മോശം അന്തരീക്ഷം മനസ്സിലുള്ളതിനാലാണ് മദ്യപിച്ച് വണ്ടിയോടിച്ച് ഒരാളെക്കൊന്ന ശ്രീരാം വെങ്കിട്ടരാമനെ രക്ഷിക്കാൻ ഐ.എ.എസ്. കാരും ഐ.പി.എസു. കാരും ഡോക്ടർമാരും ഒക്കെ വഴിവിട്ട രീതിയിൽ രംഗത്തിറങ്ങിയത്. മറിച്ച് ഈ ജയിലുകളിൽ ഒരു 2 സ്റ്റാർ ഹോട്ടൽ ഫെസിലിറ്റി ഉണ്ടായിരുന്നെങ്കിൽ ശ്രീരാം വെങ്കിട്ടരാമാൻ കൂളായി ജയിലിൽ പേണ്ടാകുമായിരുന്നില്ലേ? പതിനാലു ദിവസം റിമാന്റിൽ കിടന്ന് പണമടച്ചിരുന്നെങ്കിൽ ശ്രീരാം വെങ്കിട്ടരാമന് ആത്മാഭിമാനം പണയം വെയ്ക്കേണ്ടിവരുമായിരുന്നില്ല. ഇനിയുള്ള ജീവിതകാ ലം മുഴുവനും തന്നെ വഴിവിട്ട് സഹായിച്ചിരുന്നവർക്കു മുന്നിൽ ആത്മവിശ്വാസത്തോടെ തല ഉയർത്തി നിൽക്കാൻ കഴിയുമോ? എന്തിന് കിംസിലെ അറ്റന്റർമാരെ കാണുമ്പോൾ പോലും മുണ്ടിന്റെ മടിക്കുത്ത് അഴിച്ചിടേണ്ടിവരില്ലേ? ഇവിടെയാണ് സർക്കാർ സംവി ധാനം ജയിലുകൾ പരിഷ്ക്കരിക്കാൻ മുന്നിട്ടിറങ്ങേണ്ടത്.

ജയിലിൽ കട്ടിലും കിടയ്ക്കയും തലയിണയും യൂറോപ്യൻ ക്ലോസറ്റുള്ള അറ്റാച്ച്ഡ് ബാത്ത് റൂമും ഉണ്ടായിരിക്കണം. അതുപോലെ വിളിച്ചാൽ വിളിപ്പുറത്തുവരുന്ന ബാർബർമാർ, രുചിയുള്ള ഭക്ഷണം, കുടിക്കാൻ മിനറൽ വാട്ടർ, എന്നിവയൊക്കെ ഒരുക്കണം. ഇതിനൊക്കെ ജയിലിനു പുറത്തുള്ള തിനേക്കാൾ നാലിരട്ടി ചാർജ്ജ് ചെയ്യണം. ഉദാഹരണത്തിന് ബാർബർക്ക് മുടിവെട്ടാൻ പുറമെ 150 രൂപയാണെങ്കിൽ ജയിലിലത് 750 രൂപയാക്കണം. പുറത്തെ ബാറിൽ ഒരു പക്ഷേ എം.സി. ബ്രാൻഡിക്ക് 150 രൂപയാണെങ്കിൽ ജയിലിലത് 1000 രൂപയാക്കണം. സോഡ, ടച്ചിംഗ്സിന് പണം വേറെ. അതുപോലെ ഇന്റർനെറ്റ് കണക്ഷൻ 4ഏ. ഉറപ്പുള്ള ഒരായിരം കസ്റ്റമറെ കിട്ടുമെന്നു വന്നാൽ ജിയോ അവിടെ ഒരു ഷോറൂമുതന്നെയിടും. പിന്നെ ജയിൽപ്പുള്ളി കൾ രഹസ്യമായി മൊബൈൽ സിനിമ കാണുക, മദ്യക്കുപ്പി ജയിലിന്റെ മതിലിന് മുകളിലൂടെ വരുത്തുക, തുടങ്ങിയ കലാപരിപാടികൾ അവസാനിക്കും. ചുരുങ്ങിയത് ഒരു പ്രതിയിൽ നിന്ന് 5000 മുതൽ 10000 വരെ വസൂലാക്കാൻ കഴിയും. ഇതിലപ്പുറം കൊടുക്കാനും തയ്യാറാകും സൗകര്യങ്ങളുണ്ടെങ്കിൽ ജയിൽപ്പുള്ളികൾ.

ഇന്ത്യയിലല്ലാതെ ലോകത്തിലെവിടെയാണ് കൈ നിറയെ പണവും അഹങ്കാരവും കൈയ്യിലുള്ള വി.ഐ.പി. കുറ്റവാളികൾ ഉള്ളത്. ഇവിടെ വി.ഐ.പി. കുറ്റവാളികൾക്കുള്ള ലാഭം എന്താണെന്നുവച്ചാൽ ഒരു സിറ്റി ങ്ങിന് 15 ഉം 20 ഉം ലക്ഷം വാങ്ങുന്ന കൊടികെട്ടിയ വക്കീലന്മാരെക്കൊണ്ട് മുൻകൂർ ജാമ്യം എടുക്കുവാനും കേസ് നടത്തുവാനും ചെലവാക്കേണ്ടുന്ന വക്കീലിന്റെ ഫീസിന്റെ ചെറിയൊരു അംശംകൊണ്ട് ജയിലിൽ സുഖമായി കഴിയാം. ആരെങ്കിലും തിരക്കിയാൽ ദുബായിലാണെന്ന് ഒരു നുണപറയാൻ ഭാര്യയെ ചട്ടം കെട്ടിയാൽ മതി. ഇത്തരം ജയിൽ പരിഷ്ക്കരണത്തെ എതിർക്കുന്നതിൽ പ്രധാന കക്ഷിയായി വരിക ക

പിൽ സിബിൽ, ഹരീഷ് സാൽവ, മനു അഭിഷേക് സിങ്‌വി തുടങ്ങിയ വക്കീലന്മാരായേക്കാം. കാരണം പ്രതി ജയിലിൽ പോകാൻ തയ്യാറായാൽ പിന്നീട് വക്കീലന്മാർക്ക് ഫീസ് കിട്ടില്ലല്ലോ. പക്ഷെ ഗവൺമെന്റിന് കപിൽ സിബിൽ അടക്കമുള്ളവരോട് കാര്യം പറഞ്ഞു മനസ്സിലാക്കാം. കാരണം എന്തു വന്നാലും ജയിലിൽ പോകാൻ തയ്യാറാകാത്ത കക്ഷികൾ പിന്നെയും പുറത്തു കാണുമല്ലോ? അപ്പോൾ അവർ സഹകരിക്കും.

പിന്നെ രണ്ടാമത് വരുന്നത് എഫ്.ഐ.ആർ തയ്യാറാക്കുന്ന പോലീസുകാരണ്. അവിടെ ഈ പരിഷ്കരണം കൊണ്ടുണ്ടാകുന്ന ലാഭത്തിൽ നിന്ന് പോലീസുകാരുടെ മക്കൾക്ക് പഠിക്കുന്നതിന് സ്ക്കോളർഷിപ്പും മറ്റും ഏർപ്പെടുത്തുമെന്നു പറഞ്ഞാൽ അവരും സമ്മതിക്കും. ആർക്കും ഊരിപ്പോകാനാകാത്ത വിധത്തിൽ എഫ്. ഐ.ആറിൽ കാര്യങ്ങൾ എഴുതിച്ചേർക്കാൻ നമ്മുടെ കേരള പോലീസ് കഴിഞ്ഞേ മറ്റാരുമുള്ളൂ. വേണമെങ്കിൽ എഫ്. ഐ.ആർ. ഇടുന്ന പോലീസുകാർക്ക് ഒരു ഇൻസന്റീവും കൊ ടുക്കുന്ന കാര്യം ആലോചിക്കാം. അങ്ങനെ വരുമ്പോൾ പ്രതിയെപ്പിടിച്ച് സ്റ്റേഷനിൽ കൊണ്ടു വരുന്ന പോലീസുകാരോട് മുകളിൽ നിന്ന് വിളിച്ചുപറഞ്ഞ് രക്ഷിക്കാൻ ഏമാന്മാർ പറയുന്ന ഏർപ്പാട് നിൽക്കും.

മുകളിൽ നിന്ന് വിളിച്ചു പറയുമ്പോൾ പോലീസുകാരന് ധൈര്യമായി പറയാം. ഈ പ്രതി കുറ്റം ചെയ്തിട്ടുണ്ടെന്ന് എനിക്ക് ഉത്തമ ബോധ്യമുണ്ട് സാർ. തെളിവുകളുമുണ്ട് സാർ. മാത്രമല്ല, ഈ പ്രതി ജയിലിൽ പോയാൽ എന്റെ മകൾക്ക് പഠിക്കാൻ സ്കോളർഷിപ്പ് കിട്ടും. അതുകൊണ്ട് പറ്റില്ല സർ എന്നുറപ്പിച്ചു പറയാം. പലവട്ടം നിഷേധിക്കുമ്പോൾ മുകളിൽ നിന്നുള്ള പ്രതികളെ രക്ഷിക്കാനായുള്ള വിളി കൾ നിൽക്കും. പിന്നെ വരുന്നവർ ജുഡീഷ്യറിയാണ്. അവരോട് കാര്യം പറഞ്ഞു ബോധ്യപ്പെടുത്താം. കാര്യങ്ങളിങ്ങനെ ഒത്തുവന്നാൽ ടൂറിസത്തിൽ നിന്നും കിട്ടു ന്നതിനേക്കാൾ ലാഭം ഈ വഴിയിലൂടെ ഉ ാക്കാൻ ഗവൺമെന്റിനു സാധിക്കും. അല്ലാതെ ജയിൽപ്പുള്ളികളെക്കൊണ്ട് ചപ്പാത്തിയും ചിക്കൻ കറിയും ഗോപി മഞ്ചൂറിയും ഒക്കെ ഉണ്ടാക്കി വിറ്റ് എന്തു കിട്ടാനാണ്. ഇങ്ങനെ വരുമ്പോൾ സി.ബി.ഐ. എന്നു കേൾക്കുമ്പോഴേക്കും നെഞ്ചുവേദന വരുന്ന രാഷ്ട്രീയക്കാർ പോലും ചിരിച്ചു കൊണ്ട് ജയിലിൽ പോകും. കാരണം ഫൈവ് സ്റ്റാർ ലെവൽ ഹോസ്പിറ്റലിൽക്കിടക്കാൻ ഇതിലും കൂടുതൽ ചിലവ് വരും. പിന്നെ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന് ആർ ത്തിപ്പണം വേറെയും കൊടുക്കണം.

ഗവൺമെന്റിന് ജയിലിലേക്കുവേണ്ട സാധനങ്ങൾക്ക് ടെൻഡർ കൊടുക്കാം. അമേരിക്കയിൽ കറക്ഷണൽ കോർപ്പറേഷൻ ഓഫ് അമേരിക്ക എന്ന സ്ഥാപനമാണ് ജയിലുകളിലെ വി.ഐ.പി. സൗകര്യങ്ങൾ ഒരുക്കുന്നത്. അവിടെ ഒരു സൂപ്പുണ്ടാക്കുന്ന കമ്പനി പറഞ്ഞത്, ജയിലിലെ ഓർഡർ കിട്ടിയതിനുശേഷം അവരുടെ ബിസിനസ് വൻ കുതിപ്പ് ഉ ായെന്നാണ് പറഞ്ഞത്. ഇവിടെയും സപ്ലൈ വേണമെങ്കിൽ കമ്പനികൾക്ക് കൊടുത്ത് ഗവൺമെന്റിന് ലാഭമുണ്ടാക്കാം. സുരക്ഷ മാത്രം ഗവൺമെന്റ് നോക്കിയാൽ മതി. രാഷ്ട്രീയ പ്പാർട്ടികൾ തങ്ങളുടെ ജയിയിൽപ്പോകുന്ന അണികൾക്കായി ഒരു ഫണ്ട് മാറ്റിവയ്ക്കും. രാഷ്ട്രീയ പാർട്ടികൾ പ്രതികളെ ഇറക്കുന്ന രീതി ഉപേക്ഷിക്കും. കാരണം, ഡമ്മി പ്രതികളുടെ വീട്ടുകാരുടെ ചിലവിനു കൊ ടുക്കുന്നതിനേക്കാൾ ലാഭകരമാകും ജയിലിലെ ചിലവ്. അന്തസ്സ് വേറെയും.

മൂന്നു മാസത്തോളം ജയിലിൽ കിടന്ന ദിലീപിന് സൗകര്യങ്ങൾ ഒരുക്കി ദിവസം പതിനായിരം രൂപ ചിലവിനത്തിൽ വസൂലാക്കിയിരുന്നെങ്കിൽ എത്ര ലാഭകരമായിരുന്നേനെ. അല്ലാതെ നമ്മൾ കൊടുക്കുന്ന നികുതിപ്പണം കൊണ്ട് ഈ വക ആളുകൾ തടിച്ചുകൊഴുക്കുന്നത് ശരിയായ രീതിയല്ല. അപ്പോഴും മാല പൊട്ടിച്ചവർ, പോക്കറ്റടിക്കാർ, പത്തു ഗ്രാം കഞ്ചാവു കയ്യിൽ വച്ചവർ തുടങ്ങി ലോ ലെവൽ കുറ്റവാളികൾ ഉ ാകും. അവർക്ക് മറ്റു മാർഗ്ഗമില്ല. സാധാര ണ ജയിൽ ജീവിതം തന്നെ. വി.ഐ.പി. കുറ്റവാളിൽ നിന്ന് ഈടാക്കുന്ന അധിക്കപ്പണം ജയിൽ ജീവനക്കാരുടെ ക്ഷേമത്തിനായി ഉപയോഗിക്കാം.

ഒന്നും സൗജന്യമായി ലഭിക്കില്ല എന്നുള്ളതാണ് ആഗോളവത്ക്കരണത്തിന്റെ മുദ്രാവാക്യം. അതുകൊണ്ട് നികുതിദായകരുടെ ചിലവിൽ ജീവിക്കാമെന്ന വ്യാമോഹം വി.ഐ.പി. കുറ്റവാളികൾക്ക് ഉണ്ടാകരുത്. ആർ ക്കറിയാം ഇന്ത്യൻ ജയിലിലേക്ക് വിദേശ ഇൻവെസ്റ്റുമെന്റുകൾ ഉ ായിക്കൂടെന്ന്? അങ്ങ നെ വരുമ്പോൾ നമ്മുടെ വിയ്യൂരും കണ്ണൂരും പൂജപ്പുരയുമൊക്കെ മോഡേണായി മാറും. നമ്മുടെ വിജയ് മല്ല്യ പറഞ്ഞതെന്താണ്? ഇന്ത്യൻ ജയിലിലെ വൃത്തിഹീനമായ ചുറ്റു പാടുകളാണ് ഇന്ത്യയിലേയ്ക്ക് വരാൻ താൻ തയ്യാറാകാത്തതിന് ഒരു കാരണം. ഈ ചിന്ത ഇപ്പോൾ ചിദംബരത്തിനും ഡി. ശിവകുമാറിനും ജയിലിൽ പോകാനിരിക്കുന്ന ബാക്കി വി.ഐ.പി.കൾക്കും കാണും.

കേരളത്തിൽ ഇന്നേവരെയുള്ള രാഷ്ട്രീയ അഴിമതികളിൽ ആർ. ബാലകൃഷ്ണപ്പിള്ളയെ മാത്രമാണ് ശിക്ഷിച്ചിട്ടുള്ളത്. അതുമദ്ദേഹം ജയിലിൽ പോയില്ല. പകരം ഏതോ ആസ്പത്രിയിലെ എ.സി. മുറിയിൽ കഴിച്ചുകൂട്ടി. പിന്നെ വളരെ പെട്ടെന്ന് യു.ഡി.എഫു കാർ മോചിപ്പിച്ചു. പിള്ളയ്ക്കെതിരെ കേസ് നടത്തിയ വി.എസ്. അച്യുതാനന്ദ-ന്റെ പാർട്ടി ഇപ്പോൾ ബാലകൃഷ്ണപ്പിള്ളയ്ക്ക് കാബിനറ്റ് റാങ്കുകൂടി നൽകി ആദരിച്ചു. പിള്ളയോടുകൂടി കേരളത്തിലെ രാഷ്ട്രീയ അഴിമതി നിന്നുപോയോ? ഇല്ല. ഇപ്പോഴും തുടരുന്നു. ജയിലിലേയ്ക്ക് ഇനിയും നിരവധി വി.ഐ.പി. കുറ്റവാളികൾ ഭാവിയിൽ വന്നേക്കാം. ജയിൽ പരിഷ്ക്കരണം ഈ രീതിയിലേയ്ക്ക് വന്നാൽ തീഹാർ ജയിലിന്റെ കോൺട്രാക്ട് പിടിക്കാൻ വിദേശ കമ്പനികൾ ക്യൂ നിൽക്കില്ലേ? ആശാറാം ബാപ്പുവും, ഗുർജിത്ത് റാം റഹിമും, സാന്ത് റാം പാലും, ഒക്കെയുള്ള വി.ഐ.പി. കുറ്റവാളികൾ വിഹരിക്കുന്ന തീഹാർ അക്ഷരാർത്ഥത്തിൽ ഒരു സ്വർണ്ണ ഖനിയായി മാറുകയില്ലേ? ഇതിനൊക്കെ ഗവൺമെന്റ് ഉള്ളുണർന്ന് ചിന്തിക്കണം. കാലം മാറുകയാണെന്ന് മനസ്സിലാക്കുകയും വേണം. എന്തിനും മുന്നേ പായുന്ന കേരളം തന്നെ ഇതിന് തുടക്കം കുറിക്കട്ടെ!

●

# പ്രമേയത്തിലെ വൈവിധ്യം ഓണക്കാല സിനിമകളിൽ

**ഏറെ വ്യത്യസ്ത പ്രമേയങ്ങൾ സിനിമകളായി തിയേറ്ററുകളിലെത്തിയ ഈ കഴിഞ്ഞ ഓണക്കാലം സിനിമാ ആസ്വാദകർക്ക് ഏറെ പ്രിയപ്പെട്ടതായി. താരനിരകളുടെ സ്വാധീനങ്ങൾക്കും വ്യക്തിപ്രഭാവങ്ങൾക്കുമപ്പുറം സിനിമയുടെ വ്യത്യസ്ത തലങ്ങളെ സമീപിക്കുന്ന മലയാളികളുടെ ചിന്താഗതി ഏറെ മുന്നോട്ടേക്ക് തന്നെ പോയിക്കൊണ്ടിരിക്കുന്നു. പോയമാസത്തെ ചില റിലീസുകളെ ഇവിടെ പരിചയപ്പെടുത്താം.**




## ഇട്ടിമാണി: മെയ്ഡ് ഇൻ ചൈന

ചാർലി, മുന്തിരിവള്ളികൾ തളിർക്കുമ്പോൾ, വെള്ളിമൂങ്ങ തുടങ്ങിയ നിരവധി സിനിമകളിലെ സഹസംവിധായകരായ ജിബിയും ജോജുവും ആണ് നർമത്തിനു ഏറെ പ്രാധാന്യം നൽകുന്ന ഇട്ടിമാണിയുടെ സംവിധായകർ. മോഹൻലാൽ മാർഗംകളിയുടെ ചട്ടയും മുണ്ടും വേഷത്തിൽ സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്ററുകളിൽ എത്തിയപ്പോൾ വൻ സ്വീകരണമാണ് ആരാധകരിൽനിന്നും ഉണ്ടായത്. ആന്റണി പെരുമ്പാവൂർ ആണ് ചിത്രത്തിന്റെ നിർമാണം. മോഹൻലാലിനൊപ്പം ഹണി റോസ്, രാധിക ശരത്കുമാർ, അജു വർഗീസ്, ധർമജൻ ബോൾഗാട്ടി തുടങ്ങിയവർ ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നു. ചിത്രത്തിന്റെ വിതരണം മാക്സ് ലാബ് എന്റർടൈൻമെൻസ് ആണ്.



## പൊറിഞ്ചു മറിയം ജോസ്

ജോഷി സംവിധാനം ചെയ്ത ഈ ആക്ഷൻ ത്രില്ലർ ചിത്രത്തിൽ ജോജു ജോർജ്, ചെമ്പൻ വിനോദ്, നൈല ഉഷ എന്നിവർ മുഖ്യവേഷത്തിലെത്തുന്നു. ജേക്ക്സ് ബെജോയ് ആണ് ചിത്രത്തിന്റെ സംഗീതം. സൗഹൃദം, പ്രണയം, കലഹം എന്നിങ്ങനെ നിരവധി രസക്കൂട്ടുകളുമായെത്തിയ സിനിമയുടെ രചന അഭിലാഷ് എൻ. ചന്ദ്രനാണ്. ചി




ത്രത്തിന്റെ വിതരണം ചന്ദ് വി. ക്രിയേഷൻസ്. വമ്പൻ താരനിരയുമായി എത്തിയ മറ്റു ചിത്രങ്ങൾക്കിടയിലും മികച്ച സ്വീകാര്യത ഈ ഓണക്കാലത്ത് ചിത്രത്തിന് ലഭിച്ചു.

## ലവ് ആക്ഷൻ ഡ്രാമ

ഓണക്കാലത്ത് തിയേറ്ററുകൾ ഇളക്കിമറിക്കാൻ എത്തിയ ലവ് ആക്ഷൻ ഡ്രാമയുടെ സംവിധാനം പുതുമുഖ നടനായ ധ്യാൻ ശ്രീനിവാസനാണ്. മൂന്ന് വർഷത്തെ ഇടവേളയ്ക്കു ശേഷം നയൻതാരയുടെ മലയാള സിനിമയിലേക്കുള്ള തിരിച്ചുവരവു കൂടിയായിരുന്നു ഈ സിനിമ. നിവിൻ പോളി, അജു വർഗീസ്, രഞ്ജി പണിക്കർ, വിനീത് ശ്രീനിവാസൻ, മല്ലിക സുകുമാരൻ തുടങ്ങിയവർ സിനിമയുടെ വമ്പൻ താരനിരയിൽ ഉൾപ്പെടുന്നു. ഷാൻ റഹ്മാൻ ആണ് ചിത്രത്തിന്റെ സംഗീത സംവിധായകൻ. ഫന്റാസ്റ്റിക് ഫിലിംസ് റിലീസ് ആണ് ചിത്രത്തിന്റെ വിതരണം.

## ഡ്രീം ഗേൾ


മികച്ച നടനുള്ള ദേശീയ പുരസ്കാര ജേതാവായ ആയുഷ്മാൻ ഖുറാന ക്രോസ് ജെൻഡർ വേഷത്തിലെത്തുന്ന ഹിന്ദി ചലച്ചിത്രമാണ് ഡ്രീം ഗേൾ. രാജ് ഷാൻഡില്യ സംവിധാനം ചെയ്ത ഈ സിനിമയുടെ നിർമാണം എകതാ കപൂറും ശോഭ കപൂറും ചേർന്ന് നിർവഹിക്കുന്നു. ഖുറാനയുടെ ഏറ്റവും ചുരുങ്ങിയ കാലയളവിൽ അമ്പത് കോടി മറികടന്ന സിനിമ കൂടിയാണ് ഡ്രീം ഗേൾ. വെറും നാലു ദിവസം കൊണ്ടാണ് ചിത്രം 50 കോടി കളക്ഷൻ നേടിയത്. പെൻ മരുധർ എന്റർടൈൻമെന്റ് ആണ് ചിത്രത്തിന്റെ വിതരണം.

## കാപ്പാൻ

സൂര്യ, മോഹൻലാൽ, ആര്യ എന്നിങ്ങനെ വമ്പൻ താരനിരയുമായാണ് ഈ ആക്ഷൻ ത്രില്ലർ




തമിഴ് ചിത്രം സെപ്റ്റംബർ ഇരുപതിന് തിയേറ്ററുകളിൽ എത്തിയത്. കെ.വി.ആനന്ദ് സംവിധാനം ചെയ്തിരിക്കുന്ന ഈ എഴുപത്തിയഞ്ച് കോടി ബജറ്റ് ചിത്രത്തിന്റെ നിർമാണം അല്ലിരാജ സുബാസ്കരൻ ആണ്. ഹാരിസ് ജയരാജിന്റേതാണ് ചിത്രത്തിന്റെ സംഗീതം. ഇന്ത്യക്കു പുറമെ ന്യൂയോർക്ക്, ബ്രസീൽ എന്നീ രാജ്യങ്ങളിലും സൂര്യയുടെ ഈ മുപ്പത്തിഏഴാമത്തെ സിനിമയുടെ ചിത്രീകരണം നടന്നിരിക്കുന്നു.




## റാംബോ: ലാസ്റ്റ് ബ്ലഡ്

സിൽവസ്റ്റർ സ്റ്റാലോൺ മുഖ്യ വേഷത്തിലെത്തുന്ന അമേരിക്കൻ ആക്ഷൻ ചലച്ചിത്രമാണ് റാംബോ ലാസ്റ്റ് ബ്ലഡ്. രണ്ടായിരത്തി എട്ടിൽ പ്രദർശനത്തിനെത്തിയ റാംബോ സിനിമയ്ക്കു ശേഷം, റാംബോ സിനിമകളുടെ ശ്രേണിയിൽ അഞ്ചാമതായാണ് ഈ സിനിമ ഹോളിവുഡിൽ എത്തിയത്. ബ്രയാൻ ടെയ്‌ലറാണ് ചിത്രത്തിന്റെ സംഗീതം നിർവഹിച്ചിരിക്കുന്നത്. പാസ് വേഗ, സെർജിയോ പെരിസ്-മെൻചെറ്റ എന്നിവരും ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നു. റാംബോ ചലച്ചിത്ര പരമ്പരയിലൂടെ പ്രശസ്തനായ അമേരിക്കൻ നടനും സംവിധായകനും തിരക്കഥാകൃത്തുമാണ് സിൽവസ്റ്റർ സ്റ്റാലോൺ.

# എഴുത്തും കുത്തും





സി. ആർ. രാജൻ

**സാഹിത്യമാസികകളിൽ പ്രസിദ്ധീകരിക്കുന്ന രചനകളെ വിലയിരുത്തുന്ന പംക്തിയാണ് എഴുത്തും കുത്തും. വാരികകളിലും ദ്വൈവാരികകളിലും പ്രകാശിതമാകുന്ന രചനകൾ ഇവിടെ ഉൾപ്പെടുത്തുന്നില്ല. പ്രചാരം വർധിപ്പിക്കുന്നതിനും നിലനിൽപ്പിനും പ്രയാസപ്പെടുന്നവയാണ് മാസികകളിൽ അധികവും. ശ്രദ്ധിക്കപ്പെടേണ്ടുന്ന രചനകൾ ഈ മാസികകളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതേക്കുറിച്ചുള്ള സൂചനകൾ സഹൃദയസമക്ഷം അവതരിപ്പിക്കുകയാണ് ഈ പംക്തിയുടെ ലക്ഷ്യം.**

## പത്രക്കടലാസിൽനിന്നും ഓൺലൈനിലേക്ക്

അച്ചടിമഷി പുരണ്ട അവസാന ലക്കം എന്ന മുഖക്കുറിപ്പോടെയാണ് സെപ്റ്റംബർ ലക്കം ശാന്തം മാസിക പുറത്തിറങ്ങിയത്. അടുത്ത ലക്കം മുതൽ ഓൺലൈൻ മാസിക ആയിട്ടാണ് പ്രസിദ്ധീകരണം തുടരുക എന്നും അറിയിപ്പുണ്ട്.

കേരളക്കരയിൽ എല്ലാ വിഭാഗത്തിലും ഒട്ടേറെ പ്രസിദ്ധീകരണങ്ങളുണ്ട്. വിരലിൽ എണ്ണാവുന്നവയൊഴിച്ചാൽ ബാക്കിയെല്ലാം നിലനിൽപ്പിന് പോരാടുന്നവയുമാണ്. ഒന്നിപ്പ് മാസിക പ്രസിദ്ധീകരണം നിറുത്തിയ കാര്യം പോയ ലക്കത്തിൽ ചേർത്തിരുന്നുവല്ലോ. പത്രക്കടലാസിൽനിന്നും ഓൺലൈനിലേക്കു മാറിക്കൊണ്ട് ശാന്തം മാസിക പോരാട്ടം തുടരുന്നു എന്നതിൽ സന്തോഷമുണ്ട്.

## കെ.ജയകുമാർ

ഓണക്കാലം കെ.ജയകുമാറിന്റെ രചനകളാൽ സമ്പന്നമായിരുന്നു. എഴുത്ത് മാസികയിൽ 'ഇങ്കിരി' എന്ന കവിത. ശാന്തം മാസികയിൽ 'കെണി' എന്ന മറ്റൊരു കവിത. മൂല്യശ്രുതി മാസികയിൽ ഒരു അനുഭവക്കുറിപ്പും ജയകുമാർ എഴുതിയിട്ടുണ്ട്. ഓണക്കാലത്ത് പത്രാധിപന്മാർ ആവശ്യപ്പെടുന്ന പ്രകാരം, എന്തെങ്കിലും എഴുതികൊടുത്ത് ഇളിഭ്യചിരിയോടെ പിൻവാങ്ങുകയല്ല ജയകുമാർ നിർവഹിച്ചിട്ടുള്ളത്. സ്പഷ്ട ചിന്തയുടെയും തെളിച്ചമാർന്ന അനുഭൂതികളുടെയും സമ്മേളനമാകുന്നു അദ്ദേഹത്തിന്റെ രചനകൾ.


## അമ്മയും ബുദ്ധനും

ഇരിക്കുന്ന, നിൽക്കുന്ന, കിടക്കുന്ന ബുദ്ധപ്രതിമകളാൽ സമ്പന്നമായ ഒരു ബുദ്ധക്ഷേത്രം തായ്‌ലൻഡിലെ പട്ടായയിൽ കണ്ടതോർക്കുന്നു. സ്വർണവർണത്തിൽ മുങ്ങിയ വിഗ്രഹങ്ങൾക്കു മുന്നിൽ വിദേശി സന്ദർശകരും പ്രാർത്ഥനാനിരതരാകുന്നുണ്ട്. തീർത്ഥാടന കേന്ദ്രമായിട്ടും കച്ചവട സന്നാഹങ്ങൾ അവിടെ അധികം കണ്ടില്ല.


കണ്ണുകൾ പാതിയടഞ്ഞ്, കാലിൽ മുഖം ചേർത്ത് ഉറങ്ങിപോയ ഒരു കുഞ്ഞുബുദ്ധന്റെ വിസ്മയ വിഗ്രഹം കലാപൂർണതയുടെ ഓണപ്പതിപ്പിൽ സന്ധ്യ ഇ. വരച്ചുചേർത്തിട്ടുണ്ട്. 'കൈക്കുടന്നയിലെ ബുദ്ധൻ' എന്ന കവിത, നമുക്ക് അപരിചിതനായ ഒരു ബുദ്ധസങ്കൽപ്പമാണ് അനാവരണം ചെയ്യുന്നത്. യാന്ത്രികസ്തുതികളുടെ വലയം വിട്ട് അ



രാവുണ്ണി



സച്ചിദാനന്ദൻ



സേതു


ഡോ. ഇ. സന്ധ്യ


ചന്ദ്രമതി


കെ.ജയകുമാർ

മ്മക്കരികിൽ സ്വസ്ഥത തേടുന്ന കുഞ്ഞുബുദ്ധസൃഷ്ടി മികച്ച രചനയാണ്.

## പ്രളയപാഠങ്ങൾ

പ്രളയവും കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതിയുമാണ് സെപ്റ്റംബർ ലക്കം എഴുത്ത് മാസികയുടെ ഫോക്കസ്. പ്രളയം അടയാളപ്പെടുത്തിയ സേതുവിന്റെ അനുഭവക്കുറിപ്പ്, ഉദ്വേഗം പകരുന്ന വായനയാണ്.

ചെറിയ വെള്ളക്കയറ്റവും ഇറക്കവും പതിവായിരുന്ന ചേന്ദമംഗലമാണ് സേതുവിന്റെ നാട്. വെള്ളത്തെ പേടിയില്ലാതിരുന്ന നാട്ടുകാർ പക്ഷേ, പോയ വെള്ളപ്പൊക്കത്തിൽ ജീവന്മരണപോരാട്ടം നടത്തിയതിന്റെ നേർചിത്രമാണ് സേതുവിന്റെ ലേഖനം. താനും കുടുംബവും വെള്ളത്തിന്റെ കുത്തൊഴുക്ക് പ്രയാസപ്പെട്ട് മുറിച്ചുകടന്ന്, രാത്രി 2ന് സുരക്ഷാ സങ്കേതത്തിലേക്ക് എത്തിപ്പെട്ടതിന്റെ വിവരണം, ഇത് അവസാന പ്രളയമല്ല എന്ന കരുതലിനു കൂടി സൂചനയാകേണ്ടതുണ്ട്.

2018ൽ പുഴകളുടെ അതിരുകൾ തകർത്ത വെള്ളപ്പൊക്കം, 2019ൽ കുന്നുകളെയാണ് ഇടിച്ചിറക്കിയത്. ഇനിയെന്ത് എന്ന ചോദ്യം നിശ്ശബ്ദം നമ്മെ വേട്ടയാടുമെന്ന് ഉറപ്പ്. ലേഖനം കേട്ടെഴുതിയത് രാജേശ്വരി. പി.ആർ.

'കേരളത്തിലെ പ്രളയം തനിയാവർത്തനം' എന്ന ഡോ. സി.എം.ജോയിയുടെ ലേഖനം, 'മലയാളി എന്തു പഠിക്കണം' എന്ന ഡോ. ഡി.പുരുഷോത്തമന്റെ ലേഖനം, മാധവ് ഗാഡ്ഗിലിന്റെയും കസ്തൂരിരംഗന്റെയും ഉമ്മൻ. വി. ഉമ്മന്റെയും പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള റിപ്പോർട്ടുകൾ എന്നിവ എഴുത്ത് മാസികയിലെ ഫോക്കസ് വിഭാഗത്തിലുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല അന്തരീക്ഷ ശാസ്ത്ര വിഭാഗത്തിലെ ഡോ. എസ്.അഭിലാഷ്, പി.വിജയകുമാർ, എ.വി.ശ്രീനാഥ് എന്നിവരുടെ പഠനവും 'എഴുത്തിൽ' ചേർത്തിട്ടുണ്ട്.

## രാവുണ്ണിയുടെ കവിത

രാവുണ്ണിയുടെ കവിതകൾ നിർലോഭം വന്നുകൊണ്ടിരിക്കുന്നു. പിടിവിട്ട പട്ടം കണക്കേ, വിവിധ മേച്ചിൽപ്പുറങ്ങളിൽ അലഞ്ഞ്, ഉത്കൃഷ്ട രചനകൾക്ക് അദ്ദേഹം സ്വയം പരുവപ്പെടുത്തിയിരിക്കുന്നു. എല്ലാ കാലത്തും ഒരു കവിക്ക് സാധ്യമാകുന്ന സംഗതിയല്ല അത്. അദ്ദേഹത്തിൽ ഇപ്പോൾ നിവേശിതമായ ഊർജ്ജം കൂടുതൽ രചനകൾക്ക് കൊമ്പുകുലുക്കും എന്നാശിക്കാം. 'കവണ' എന്ന രാവുണ്ണിയുടെ കവിതയും എഴുത്ത് മാസികയിലുണ്ട്.

പഴയകാല വെട്ടുവഴികളുടെ സ്മരണയുണർത്തുന്ന ഒരു നല്ല കവിത ജയപ്രകാശ് എറവ് പുതിയ ലക്കം എഴുത്ത് മാസികയിൽ എഴുതിയിട്ടുണ്ട്.

താരസമ്പന്നമാണ് മൂല്യശ്രുതി മാസികയുടെ സെപ്റ്റംബർ ഓണപ്പതിപ്പ്. സച്ചിദാനന്ദന്റെ അഞ്ച് ലഘു കവിതകൾ 'വിചാരങ്ങൾ' എന്ന പൊതു ശീർഷകത്തിൽ ചേർത്തിട്ടുണ്ട്. യു.കെ.കുമാരന്റെ കഥ 'സാക്ഷിയായ് ഞാൻ', പെരുമ്പടവം ശ്രീധരന്റെ കഥ, ഓണം ഓർമകളുമായി കെ.പി.രാമനുണ്ണി, കെ.ജി.എസിന്റെ കവിത 'പ്രേമസംഗീതം', സതീഷ് ബാബു പയ്യന്നൂരിന്റെ കഥ 'കുളി', ചന്ദ്രമതിയുടെ അനുഭവവിവരണം എന്നിങ്ങനെ മൂല്യശ്രുതിയുടെ ഓണപ്പതിപ്പിൽ പാരായണ യോഗ്യമായ വിഭവങ്ങൾ ഏറെയുണ്ട്. മാൻ ബുക്കർ പുരസ്കാരം നേടിയ ഒമാൻ എഴുത്തുകാരി ജോഖ അൽ ഹാർത്തിയുടെ 'സെലസ്റ്റിയൽ ബോഡീസ്' എന്ന നോവലിന്റെ വായന വൈക്കം മുരളി നിർവഹിച്ചത് ശ്രദ്ധേയമാണ്.

ഓണക്കാലമായിട്ടും ശ്രേഷ്ഠവിഭവങ്ങൾ ഒന്നുമില്ലാതെയാണ് സാംസ്കാരിക കമലദളം മാസികയുടെ സെപ്റ്റംബർ ലക്കം വിപണിയിൽ എത്തിയിട്ടുള്ളത്. കഥകളും കവിതകളും ലേഖനങ്ങളും പുത്തൻ അനുഭൂതികളൊന്നും പകരുന്നില്ല എന്നത് ഖേദകരമാണ്.

## പുതിയ എഴുത്തുകാരികൾക്ക് സുഗമപാത

ഏറെ സഹിച്ച ശേഷമാണ് എഴുത്തുകാരി എന്ന അംഗീകാരം ലഭിച്ചതെന്ന പരിദേവനം എഴുത്തു മാസികയിൽ ചന്ദ്രമതി പങ്കുവയ്ക്കുന്നു. എഴുത്തിൽ ആണെഴുത്തും പെണ്ണെഴുത്തും എന്ന അതിരുകളില്ലെന്നും, പെണ്ണെഴുത്ത് എന്ന് ആദ്യം പ്രയോഗിച്ചത് സച്ചിദാനന്ദനാണെന്നും അവർ പരിഭവിക്കുന്നു. ക്ലേശങ്ങളില്ലാത്ത സുഗമപാത,, പുതിയ എഴുത്തുകാരികൾക്ക് തുറന്നുകിട്ടിയിട്ടുണ്ടെന്നും ചന്ദ്രമതിക്ക് അഭിപ്രായമുണ്ട്.

സോഷ്യൽ മീഡിയ ആഘോഷങ്ങളാണോ അവർ സൂചിപ്പിക്കുന്നതെന്ന് വ്യക്തമല്ല. എന്തെഴുതുവാനും സ്വയം പ്രകാശിപ്പിക്കുവാനുമുള്ള സാഹചര്യം ഇന്ന് ആണിനും പെണ്ണിനുമുണ്ട്. ഒരു പ്രസിദ്ധീകരണത്തിന്റെ മേശപ്പുറത്തെത്തുമ്പോൾ, പത്രാധിപന്മാർ നിർമിച്ചെടുത്ത സൂചിക്കുഴ കടക്കുന്നതിന് സ്ത്രീകൾക്ക് ഗ്രീൻചാനലുണ്ടെന്ന് പറയാനാകില്ല.

കായികരംഗത്തെ പുത്തൻ പ്രവണതകൾ അവതരിപ്പിക്കുന്ന പംക്തിയാണ് **മൈതാനം.** സ്കൂൾ തലം മുതൽ അന്തർദേശീയ കായികമത്സരങ്ങളുൾപ്പെടെ ഇന്ത്യൻ പ്രതിഭാസാന്നിധ്യം ഇവിടെ പരാമർശിക്കപ്പെടും. അഭിനന്ദനാർഹമായ നേട്ടങ്ങളും കുറവുകൾ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങളും സമഗ്രമായി പ്രതിപാദിക്കുന്നതാകും ഈ പംക്തി.



**മൈതാനം**

റയൻ ജോസഫ്

# ലോക ഗുസ്തി ചാമ്പ്യൻഷിപ്പ് 2019

ഒരു സിൽവർ മെഡലും നാല് വെങ്കലമെഡലും ഉൾപ്പെടെ അഞ്ച് മെഡലുകളാണ് നുർ-സുൽത്താനിൽ നടന്ന ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ നേട്ടം. ജൂണിയർ ലോക ചാമ്പ്യൻഷിപ്പ് ടൈറ്റിൽ സ്വന്തമാക്കിയിട്ടുള്ള ദീപക് പൂനിയയുടേതായിരുന്നു വെള്ളിമെഡൽ നേട്ടം. കണങ്കാലിനേറ്റ പരിക്കാണ് ദീപക് പൂനിയക്ക് ഈ വട്ടം വിനയായത്. ഇതോടെ ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്വർണമെഡൽ നേട്ടം എന്ന ഇന്ത്യയുടെ പ്രതീക്ഷ അവസാനിക്കുകയായിരുന്നു. എങ്കിലും 2020 ടോക്കിയോ ഒളിമ്പിക്സിൽ ഇടം നേടുന്ന നാലാമത്തെ ഇന്ത്യൻ ഗുസ്തി താരമായി ദീപക്.





അറുപത്തൊന്ന് കിലോഗ്രാം മത്സരവിഭാഗത്തിൽ വെങ്കലമെഡൽ നേടിക്കൊണ്ട് രാഹുൽ അവാരെ ഇന്ത്യയുടെ മെഡൽ പട്ടികയിലേക്ക് അവസാന മെഡൽ കൂട്ടിച്ചേർത്തു. അമേരിക്കൻ താരം ടൈലർ ലീ ഗ്രാഫിനെതിരെ 11-4 എന്ന വലിയ മാർജിനിൽ വിജയം നേടിയാണ് രാഹുൽ അവാരെ വെങ്കലമെഡൽ സ്വന്തമാക്കിയത്. സെമിയിൽ ജോർജിയൻ താരത്തിനെതിരെ പോരാടിയെങ്കിലും 6-10 എന്ന നിലയിൽ വിജയം അകലുകയായിരുന്നു. ബജ്റംഗ് പൂനിയ, രവി ദാഹിയ, വിനേഷ് ഫോഗാട് എന്നിവരാണ് വെങ്കല മെഡൽ നേടിയ മറ്റ് താരങ്ങൾ. മംഗോളിയൻ താരത്തെ 8-7നു പരാജയപ്പെടുത്തിയാണ് അറുപത്തഞ്ച് കിലോഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിൽ ബജ്രംഗ് പൂനിയ വെങ്കലം നേടിയത്. സുഷിൽ കുമാർ ആണ് നിലവിൽ ഇന്ത്യക്കു വേണ്ടി ലോക ചാമ്പ്യൻഷിപ്പിൽ സ്വർണമെഡൽ നേടിയ ഏക താരം. ഇദ്ദേഹം രണ്ടു പ്രാവശ്യം ഒളിമ്പിക്സ് മെഡൽ സ്വന്തമാക്കിയിട്ടുണ്ട്. രണ്ടായിരത്തി പതിമൂന്നിൽ ഒരു വെള്ളിയും രണ്ട് വെങ്കലവും ഉൾപ്പെടെ മൂന്നു മെഡലുകൾ ഇന്ത്യ നേടിയിരുന്നു. ഈ വർഷം ഈ നേട്ടം അഞ്ച് മെഡലുകളായി ഉയർത്താനും ഇന്ത്യൻ താരങ്ങൾക്ക് കഴിഞ്ഞു.

## ഓണാശംസകൾ പങ്കുവച്ച് ഇന്ത്യൻ ക്രിക്കറ്റ് താരങ്ങൾ

ട്വിറ്ററിലൂടെ ആയിരുന്നു ക്രിക്കറ്റ് താരങ്ങൾ കേരള ജനതയ്ക്ക് ഓണാശംസകൾ പങ്കുവച്ചത്. സച്ചിൻ തെണ്ടുൽക്കർ, ശിഖർ ധവാൻ, അജിങ്ക്യ രഹാനെ, സുരേഷ് റയ്ന, ഹർബജൻ സിംഗ്, റോബിൻ ഉത്തപ്പ തുടങ്ങിയവർ ട്വിറ്ററിൽ ആശംസകൾ കുറിച്ചു.



## ഫിഫ റാങ്കിംഗിൽ ഇന്ത്യക്ക് നിലവിലെ സ്ഥാനം നഷ്ടമായി

നിലവിൽ 103-ാം സ്ഥാനത്തായിരുന്ന ഇന്ത്യ ഒരു സ്ഥാനം നഷ്ടപ്പെടുത്തി 104-ാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. ഇന്ത്യൻ സൂപ്പർ ലീഗിലെ പരിചയസമ്പത്തും, കോടിക്കണക്കിന് വരുന്ന ഇന്ത്യൻ ഫുട്ബോൾ ആരാധകരുടെ പിൻബലവും ഒന്നും ഈ വട്ടം തുണച്ചില്ല. ഫിഫ ലോകകപ്പ് യോഗ്യതാ റൗണ്ടിൽ കരുത്തരായ ഖത്തറിനെതിരെ സമനില നേടിയെങ്കിലും റാങ്കിംഗ് പുറത്തുവന്നപ്പോൾ നിലവിലെ സ്ഥാനം നഷ്ടമാവുകയാണുണ്ടായത്. അതേസമയം ബെൽജിയം റാങ്കിംഗിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു.




## കലയും സംസ്കാരവും സമകാലവും

**(ലേഖനങ്ങൾ)**
**എഡിറ്റർ: ഈ.ഡി.ഡേവിസ്**
**പേജ്: 448, വില: 500**
**നന്മ, തൃശൂർ**

പ്രതിരോധാത്മകമായ സംസ്കാരവും കലാവിഷ്കാരവും ആവശ്യപ്പെടുന്ന, നീചബുദ്ധികളുടെ ക്രൗര്യം നിറച്ച വ്യവഹാരങ്ങളെ തടയേണ്ടതിനെ ശക്തിയുക്തം വിരചിക്കുന്ന അമ്പത് ലേഖനങ്ങളുടെ സമാഹാരമാണ് 'കലയും സംസ്കാരവും സമകാലവും' എന്ന കൃതി. കലാവിചാരം, കലയും സമൂഹവും, സത്യാനന്തര കാലം, ശരീരവും ആധുനികതയും, പ്രതിരോധം എന്നിങ്ങനെ അഞ്ച് ഭാഗങ്ങളായി തിരിച്ച് ലേഖന സമാഹരണവും എഡിറ്റിംഗും നിർവഹിച്ചിട്ടുള്ളത്, കേരള സാഹിത്യ അക്കാദമിയുടെ പബ്ലിക്കേഷൻ ഓഫീസറും ഗ്രന്ഥകാരനുമായ ഈ.ഡി.ഡേവിസ് ആണ്.






കലാ ചിന്തയുടെ മണ്ഡലത്തിൽ ഉരുകൊണ്ടിട്ടുള്ള പുതിയ തിളപ്പുകളും സത്യാനന്തര കാലത്തിന്റെ കലാനിർമിതികളും ചർച്ചാവിഷയമാക്കുന്ന, ശ്രദ്ധിക്കേണ്ടുന്ന രചനകളുടെ സമാഹാരമാണ് ഈ കൃതി.

സ്ത്രീപക്ഷ കലാചിന്തകളും ഉദാത്ത കലാചിന്തകളും ചേർന്നുള്ള പുതിയ വായനകൾ, തുല്യനീതിയുടെ സൗന്ദര്യശാസ്ത്രാലോചനകൾക്ക് ഇടം നൽകുന്നു എന്നത് ഈ പുസ്തകത്തിന്റെ സവിശേഷതയാണ്. ഓരോ ലേഖനവും അതത് വിഷയത്തിൽ ഗൗരവപഠനം നടത്തി തയാറാക്കിയവയാണ്. പ്രകൃതിയുടെ ഒരെളിയ ഭാഗം മാത്രമാണ് താനെന്നതു മറന്ന മനുഷ്യനെ, മൂല്യ സംസ്കൃതിയിലേക്ക് മടങ്ങേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തുവാൻ ഈ കൃതിയിൽ ശ്രമം നടന്നിട്ടുണ്ട്.

ആസുരമായ ഭൗതികാസക്തിയിലേക്കാണ് മനുഷ്യൻ ഇന്ന് ജനിച്ചുവീഴുന്നതും വളരുന്നതും. സ്വാർത്ഥങ്ങൾ മനുഷ്യനെ ഒറ്റയായി ചിന്തിക്കുവാനും ഒറ്റയായി പ്രവർത്തിക്കുവാനും പ്രേരിപ്പിക്കുന്നു. ജീവിതത്തെ സംബന്ധിച്ച സമഗ്രമായ ബോധം ഒരാളിൽ ഉരുവാകേണ്ടതുണ്ട്. പ്രതിരോധാത്മകമായ കലാവിഷ്കാരങ്ങളും ഉദാത്ത കലാവിഷ്കാരങ്ങളും അതിനാൽ തന്നെ അനിവാര്യമാകുന്നു. നിലപാടില്ലെങ്കിൽ നീയെന്താണ് എന്ന ചോദ്യമുന്നയിച്ച എഡിറ്ററുടെ മുഖക്കുറിപ്പുതന്നെ, പുസ്തകത്തെ സംബന്ധിച്ച സമഗ്ര നിരീക്ഷണത്തിലൂടെ അപരമുഖം വെളിപ്പെടുത്തുന്നു.

## വലിയ കപ്പിത്താൻ

**(നോവൽ)**
**പ്രൊഫ. വി.പി.ജോൺസ്**
**പേജ്: 192, വില: 170**
**മീഡിയ ഹൗസ്, കോഴിക്കോട്**

വാസ്കോഡഗാമയുടെ സംഭവബഹുലവും ഉദ്വേഗജനകവും സാഹസികവുമായ ജീവിതം നോവൽ രൂപത്തിൽ ആവിഷ്കരിച്ചിട്ടുള്ള കൃതിയാണ് 'വലിയ കപ്പിത്താൻ'. മലബാർ തീരത്ത് 1498ലാണ് പായ്ക്കപ്പലിൽ ഗാമ വന്നിറങ്ങുന്നത്. തുടർന്ന് കേരള ചരിത്രത്തിലെ സുപ്രധാന അധ്യായമായി പരിണമിച്ചു അദ്ദേഹത്തിന്റെ സാന്നിധ്യം.






ചരിത്രനോവലാണെങ്കിലും, പ്രൊഫ. വി.പി.ജോൺസ് എന്ന പ്രശസ്ത കഥാകാരന്റെ കരവിരുതും ഭാഷാ ശൈലിയും വിസ്മയിപ്പിക്കും വിധം ഈ കൃതിയിൽ ദൃശ്യമാണ്. ചരിത്ര മുഹൂർത്തങ്ങൾ കോർത്തിണക്കി ഉദ്വേഗജനകമായി വിരചിച്ച മികച്ച ആഖ്യായികയാണ് 'വലിയ കപ്പിത്താൻ'.

## ദൈവ കണികകൾ

**(നോവൽ)**
**ജോസെ ലിയോൺസ്**
**പേജ്: 159, വില: 140**
**ഗ്രീൻ ബുക്സ്, തൃശൂർ**






ആമസോൺ ടോപ് ലിസ്റ്റിൽ ഇടംപിടിച്ചിരുന്ന 'ഗോഡ് പാർട്ടിക്കിൾസ്' എന്ന കഥയുടെ മലയാള നോവൽ ആവിഷ്കാരമാണ് 'ദൈവകണികകൾ' എന്ന കൃതി. മലയാളകഥാ ലോകത്തിന് അത്രയൊന്നും പരിചിതമല്ലാത്ത സൈബർ ലോകത്തെ ഗുണപരമായി ഈ നോവൽ ആഖ്യാനം ചെയ്യുന്നു.

പുസ്തകത്തിന്റെ പുറംചട്ടയിൽ സാറാ ജോസഫ് ഇങ്ങനെ കുറിച്ചിരിക്കുന്നു: 'കണ്ണാടി കണ്ടെത്തുക എന്നത് ഒരു തലം, കണ്ണാടി മിനുക്കുക എന്നത് മറ്റൊരു തലം, കണ്ണാടിയാവുക എന്നത് പ്രണയത്തിന്റെ എല്ലാ അതിർവരമ്പുകളെയും ഭേദിക്കുന്ന ഉദാത്ത തലം എന്നാണ് ലിയോൺസ് കുറിച്ചിടുന്നത്. പ്രണയത്തിന്റെ ഊർജം വായനക്കാരിലേക്ക് സർഗാത്മക ചൈതന്യമായി നിറയ്ക്കുന്ന ഈ നോവൽ എനിക്കിഷ്ടപ്പെട്ടു.

## രാജവീഥികളും നാട്ടുവഴികളും

**(ആത്മകഥ)**
**ഫാ. ചെറിയാൻ തലക്കുളം/ മാണി പയസ്**
**പേജ്: 208, വില: 200**
**ഇന്റിമേറ്റ് ബുക്സ്, തൃശൂർ**

ഗ്രന്ഥകാരനും പത്രാധിപരും അധ്യാപകനും വാഗ്മിയുമായ ഫാ. ചെറിയാൻ തലക്കുളം സിഎംഐയുടെ അനുപമങ്ങളായ ജീവിതാനുഭവങ്ങളാണ് ഈ കൃതിയുടെ ആധാരം. പ്രസാദാത്മകമായ വ്യക്തിത്വത്തിന്റെ ഉടമയായ തലക്കുളം അച്ചൻ പിന്നിട്ട വഴികൾ കോർത്തിണക്കി അവതരിപ്പിച്ചിട്ടുള്ളത് പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായ മാണി പയസാണ്.






## നവോത്ഥാനം അർധരാത്രിയിൽ

**(നോവൽ)**
**പി.കെ.ത്യാഗരാജൻ**
**പേജ്: 182, വില: 500**
**സ്വയം പ്രസാധനം**






പി.കെ.ത്യാഗരാജന്റെ ഇരുപതാമത് പുസ്തകമാണ് 'നവോത്ഥാനം അർധരാത്രിയിൽ'. ഇദ്ദേഹം പ്രസിദ്ധീകരിച്ചതത്രയും നോവലുകളാണ്. പുസ്തകം അച്ചടിക്കുംമുമ്പ് ഒരു എഡിറ്ററുടെ പരിശോധന നല്ലതാണെന്ന് ഈ പുസ്തകം തെളിവു നൽകുന്നു. തള്ളാനും കൊള്ളാനും വയ്യാത്ത യഥാ തഥാ വിവരണങ്ങളാൽ സമ്പന്നമാണ് ഈ പുസ്തകം. തനിക്ക് ശരിയെന്നു തോന്നുന്ന കാര്യങ്ങൾ നോവൽ രൂപത്തിൽ അവതരിപ്പിച്ചതിനു പിന്നിലെ പരിശ്രമം ശ്രദ്ധയർഹിക്കുന്നതാണ്.

## കഥാകാരന്റെ കനൽവഴികൾ

**(ആത്മകഥ)**
**കാരൂർ സോമൻ**
**പേജ്: 292, വില: 260**
**പ്രഭാത് ബുക്ക് ഹൗസ്**






അനുഭവങ്ങളുടെ കനൽവഴികൾ തുറന്നെഴുതുക വഴി ശ്രദ്ധിക്കപ്പെട്ട ആത്മകഥാഗ്രന്ഥമാണ് കാരൂർ സോമന്റെ 'കഥാകാരന്റെ കനൽവഴികൾ' എന്ന കൃതി. തോറ്റവന്റെ വിഷാദമല്ല നാമിതിൽ കാണുക. ചങ്കുറപ്പോടെ വൈതരണികൾ മറികടന്ന അനുഭവക്കുറിപ്പുകൾ, ഒരു കഥാകാരന്റെ സർഗസിദ്ധിയോടെയാണ് കാരൂർ സോമൻ അവതരിപ്പിച്ചിട്ടുള്ളത്.

ആത്മസാക്ഷാത്കാരത്തിന്റെ ഉൾച്ചൂടു വഹിക്കുന്ന ഈ സൃഷ്ടിയിലൂടെ ഒരു സൂക്ഷ്മ സഞ്ചാരം നടത്തുമ്പോൾ, നമ്മുടെ ഹൃദയത്തോട് സംവദിക്കുന്ന ഒരു മിത്രത്തെയാണ് നാം കണ്ടെത്തുക.